2022
ജൂൺ
വാല്യം 15 | ലക്കം 6
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN

## Amoris Laetitia Family Year 2021 - 2022

**കുടുംബവർഷ സമാപനം**

**ജൂൺ 26**



സിനഡ് അംഗങ്ങൾ



സിനഡ് ഉദ്ഘാടനം



സി.റ്റി.സി. സഭയിൽ നിത്യവ്രതം ചെയ്ത സി. ലേഖ, സി. റൂബി, സി. രഞ്ജിത, പ്രഥമവ്രത വാഗ്ദാനം നടത്തിയ സി. അനീഷ ഫ്രാൻസിസ്, സി. സീറ്റ, സി. അൽഫോൻസ യേശുദാസ്, സി. ആൻസി, സി. ഹന്ന മരിയ എന്നിവർ അഭിവന്ദ്യ പിതാവിനോടും വൈദികരോടുമൊപ്പം.

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2022 JUNE | Registered Newspaper, Reg.No. KERMAL/2008/24745 | Vol.15 • No.6



THE ROMAN CATHOLIC DIOCESE OF VIJAYAPURAM
AD CHRISTI NOMEN - 1930

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ:

6 **APPOINTMENTS AND TRANSFERS**

7. ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

12 വിജയപുരം രൂപതാ സിനഡ്

16 പ്രപഞ്ചം നമ്മുടെ പൊതുഭവനം

17 നവമാനങ്ങൾ തേടുന്ന വിദ്യാരംഗം

19 കരുതലിന്റെ നിശബ്ദസാന്നിധ്യം

21 വിദ്യാഭ്യാസരംഗം - അറിയിപ്പ്

24 ഇടവകവാർത്തകൾ

30 ബൈബിൾ അപ്പോസ്തലേറ്റ് - ലോഗോസ് ക്വിസ്

31. വി.എസ്.എസ്,എസ്. വാർത്തകൾ

34. അഭിവന്ദ്യപിതാവിന്റെ ജൂൺ മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com



# Editorial

## ജൂൺ മാസം : തിരുഹൃദയത്തിന്റെ മാസം

ജൂൺ മാസം അഞ്ചാം തീയതി പെന്തക്കോസ്ത തിരുനാൾ ആഘോഷിച്ചുകൊണ്ട് നാം 'സഭാ കാല'ത്തിലേക്ക് വീണ്ടും കടന്നുവരികയാണ്. സഭയുടെ ജന്മദിനമാണ് പെന്തക്കോസ്ത തിരുനാൾ. പിതാവായ  ദൈവം പുത്രനെ തന്നതിന്റെ തിരുന്നാളായ ക്രിസ്തുമസും പുത്രന്റെ വിജയത്തിന്റെ തിരുനാളായ ഈസ്റ്ററും ആഘോഷിച്ചശേഷം പരിശുദ്ധാത്മാവിന്റെ തിരുനാൾ നാം ആഘോഷിക്കുന്നു. പെന്തക്കോസ്തയിൽ ആ തിരുനാൾ പെസഹാക്കാലത്തിന്റെ പൂർത്തീകരണവും ആണ്ടുവട്ടത്തിലെ ആഴ്ചകളിലേക്ക് പുനർപ്രവേശനവും കുറിക്കുന്നു. യേശുവിന്റെ ജ്ഞാനസ്നാന തിരുനാളിൽ തുടങ്ങി വിഭൂതി ബുധന്റെ തലേദിവസം വരെയായിരുന്നു. ആണ്ടുവട്ടത്തിലെ ആഴ്ചകളുടെ ഒന്നാംഭാഗം. ക്രിസ്തുശിഷ്യത്വത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുന്ന, സഭയുടെ വളർച്ചയെ ആഘോഷിക്കുന്ന, യേശുവിന്റെ പരസ്യ ജീവതത്തെ അവതരിപ്പിക്കുന്ന ആഴ്ചകളാണ് ആണ്ടുവട്ടത്തിലെ ആഴ്ചകൾ.

സഭയിലെ ഏറ്റം പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ വിശ്വാസ രഹസ്യം, വിശ്വാസാഘോഷം, വിശ്വാസജീവിതം എന്നിവ ആഘോഷിച്ചുകൊണ്ടാണ് ആണ്ടുവട്ടത്തിലെ ആഴ്ചകളുടെ രണ്ടാം ഭാഗത്തിൽ നാം മുന്നേറുക. പെന്തക്കോസ്തയുടെ പിറ്റേ ഞായറാഴ്ച പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളാണ്. പിതാവിന്റെ തിരുനാളായ ക്രിസ്തുമസ്സിനും, പുത്രന്റെ തിരുനാളായ ഈസ്റ്ററിനും പരിശുദ്ധാത്മാവിന്റെ തിരുനാളായ പെന്തക്കോസ്തക്കുംശേഷം അവരുടെ ഐക്യം വെളിപ്പെടുത്തുന്ന പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ നാം കൊണ്ടാടുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും പരിപൂർണ്ണസ്നേഹത്തിന്റെ കൂട്ടായ്മയിൽ ഒരേ ദൈവമായിരിക്കുന്ന യാഥാർത്ഥ്യവും അനുഭവവും ജീവിതവുമാണല്ലോ പരിശുദ്ധ ത്രിത്വം എന്ന വിശ്വാസരഹസ്യം. അതേത്തുടർന്ന് സഭ ദിവ്യകാരുണ്യതിരുനാൾ– ക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാൾ കൊണ്ടാടുന്നു. സഭയിലെ ഏറ്റവും പ്രധാന പ്രാർത്ഥനയും കൂദാശയും അനുഷ്ഠാനവുമാണല്ലോ ദിവ്യകാരുണ്യം അഥവാ ദിവ്യബലി. തുടർന്ന് വരുന്ന തിരുനാളാണ് ക്രിസ്തുവിന്റെ തിരുഹൃദയത്തിതുനാൾ. സഭയ്ക്കു നല്കപ്പെട്ട ഏറ്റവും വലിയ കല്പനയായ സ്നേഹത്തിന്റെ ഉറവിടവും വെളിപ്പെടുത്തലുമാണ് തിരുഹൃദയം. അങ്ങനെ ക്രൈസ്തവരുടെ വിശ്വാസരഹസ്യവും, വിശ്വാസാനുഭവവും വിശ്വാസ ജീവിതവും ആഘോഷിച്ചശേഷം ആണ്ടുവട്ടത്തിലെ ആഴ്ചകളിലൂടെ നാം മുന്നേറും. ആണ്ടുവട്ടത്തിലെ 34-ാം ഞായറിൽ ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചിട്ട്

ആരാധനാവത്സരത്തിന്റെ അവസാന ആഴ്ചയിലേക്ക് നാം കടന്നുവരും. അങ്ങനെ യേശുവിന്റെ ആഗമനം മുതൽ ക്രിസ്തുവിന്റെ പുനരാഗമനംവരെയുള്ള സംഭവങ്ങളിലൂടെയുമുള്ള മുന്നേറ്റമാണ് ആരാധനാവത്സരം. കർത്താവിന്റെ തിരുനാളുകളായതിനാലാണ് പ്രത്യക്ഷീകരണതിരുനാൾപോലെ ദിവ്യകാരുണ്യ തിരുനാളും തിരുഹൃദയതിരുനാളും പരമ്പരാഗതമായി ആഘോഷിച്ചിരുന്ന വ്യാഴാഴ്ചയ്ക്കും വെള്ളിയാഴ്ചയ്ക്കും പകരം കർത്താവിന്റെ ദിവസമായ ഞായറാഴ്ചയിൽ ആഘോഷിക്കാൻ തുടങ്ങിയത്. കർത്താവിന്റെ തിരുനാളുകളിൽ ക്രിസ്തുമസ് മാത്രമാണ് ഏതുദിവസമാണെങ്കിലും ഡിസംബർ 25-ാം തീയതി തന്നെ ആഘോഷിക്കുന്നത്. ഈ വർഷം ജൂൺമാസം 26-ാം തീയതിയിൽ ആഘോഷിക്കുന്ന തിരുഹൃദയതിരുനാൾ മൂലമാണ് ജൂൺമാസത്തെ തിരുഹൃദയമാസമായി കൊണ്ടാടുന്നത്. ഈ മാസത്തിലെ ഓരോ ദിവസവും തിരുഹൃദയത്തെ ധ്യാനിച്ചുകൊണ്ട് നാം ദൈവാലയങ്ങളിലും കപ്പേളകളിലും ഭവനങ്ങളിലും വണക്കമാസമാചരിക്കുന്നു. വർഷത്തിന്റെ ഏകദേശം മദ്ധ്യത്തിൽ വരുന്ന ജൂൺമാസം ഹൃദയത്തിന്റെയല്ല ഹൃദയങ്ങളുടെ മാസമാണ്. യേശുവിന്റെ തിരുഹൃദയത്തിന്റെയും മറിയത്തിന്റെ വിമലഹൃദയത്തിന്റെയും. തിരുഹൃദയത്തിരുനാളിന്റെ തലേദിവസമാണ് വിമലഹൃദയതിരുനാൾ കൊണ്ടാടുന്നത്. ആ ഹൃദയങ്ങൾ തമ്മിൽ ഗർഭം മുതലേ സവിശേഷമായി ബന്ധപ്പെട്ടിരിക്കുന്നു. ആ ബന്ധത്തെ എടുത്തുകാട്ടുന്ന ഭക്തപ്രസ്ഥാനങ്ങളും സന്യാസസഭകളുമുണ്ട് സഭയിൽ. കോട്ടയത്ത് ചെങ്ങളം ഇടവകയിൽ പ്രവർത്തിക്കുന്ന സന്യാസിനികൾ അതിനുദാഹരണമാണ്. നമ്മോടുള്ള സ്നേഹത്തെപ്രതി തുടിക്കുന്ന, നമ്മുടെ നേരെ തുറന്നിട്ടിരിക്കുന്ന, നമ്മെ സ്നേഹത്തോടെ മാടിവിളിക്കുന്ന ഹൃദയങ്ങളാണ് യേശുവിന്റെ തിരുഹൃദയവും മറിയത്തിന്റെ വിമലഹൃദയവും. ആ ഹൃദയങ്ങളിൽ നാം ഇടം കണ്ടെത്തണം. അവിടെ നാം വസിക്കണം. അവിടെനിന്ന് നിർഗ്ഗളിക്കുന്ന സ്നേഹം നാം നുകരണം. ഒപ്പം ആ ഹൃദയങ്ങൾക്കായി നമ്മുടെ ഹൃദയം തുറന്നിടുകയും വേണം. നമ്മോടുള്ള ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ വെളിപാടാണ് തിരുഹൃദയത്തിലുള്ളത്. ആ ഹൃദയത്തിൽ നിന്നൊഴുകുന്ന രക്തം പരിശുദ്ധ ദിവ്യബലിയുടെയും വെള്ളം ജ്ഞാനസ്നാനത്തിന്റെയും ഉറവിടങ്ങളാണ്. ആ രക്തത്തിലൂടെയാണ് നാം പാപത്തിൽ നിന്നും തിന്മകളിൽ നിന്നും രക്ഷിക്കപ്പെട്ടതും ദൈവവുമായി ഉടമ്പടി ചെയ്യപ്പെട്ടതും. ആ വെള്ളത്തിലൂടെയാണ്, പരിശുദ്ധാത്മാവിലൂടെയാണ്, നാം ജ്ഞാനസ്നാനത്തിൽ നവജന്മം പ്രാപിച്ചതും സമൃദ്ധമായ ജീവന്റെ ഉടമകളായതും. തിരുഹൃദയത്തിൽ നിന്നൊഴുകിവരുന്ന തിരുരക്തം നമ്മെ പോഷിപ്പിക്കട്ടെ. തിരുഹൃദയത്തിൽ നിന്ന് നിർഗ്ഗളിക്കുന്ന ജീവജലം നമ്മെ സമൃദ്ധമായ ജീവന്റെ ഉടമകൾ ആക്കട്ടെ. ആ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന ദൈവസ്നേഹം നമ്മെ സംരക്ഷിക്കുകയും സംതൃപ്തരാക്കുകയും ചെയ്യട്ടെ. ആ ഹൃദയത്തിൽ ജ്വലിച്ചെരിയുന്ന സ്നേഹാഗ്നി നമ്മെ നിരന്തരം പ്രചോദിപ്പിക്കുകയും നയിക്കുകയും ഉദ്ദീപിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

*പത്രാധിപർ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

# APPOINTMENTS AND TRANSFERS

**Rev. Fr. Hilary Joseph Thekkekuttu** is relieved from the office of the Parish Priest of St. Xavier's Church, Kurichy

**Rev. Fr. Philip Joshy Thevarkalathil** is transferred from Sacred Heart Church, Pambanar and is appointed as the Parish Priest-in-Charge of St. Antony's Church, Thalayar.

**Rev. Fr. Mathew Sojan Kallel** is transferred from St. Antony's Church, Thalayar and is appointed as the Parish Priest-in-Charge of Mount Carmel Church, Kavalangadu.

**Rev. Fr. Augustine P. Asir** is relieved from the office of the Parish Priest-in-Charge of Mount Carmel Church, Kavalangadu.

**Rev. Fr. Ajeesh Thudipparakkel** Csjbp is transferred from Assumption Church Vandiperiyar and is appointed as the Assistant Parish Priest of Sacred Heart Church, Pambanar.

**Rev. Fr. Vinod Varghese**, OSJ is appointed as the Assistant Parish Priest of Assumption Church, Vandiperiyar

**Rev. Fr. Francis Nedumparambil** in addition to his present offices is appointed as the Director of the Diocesan religious Congregation, Daughters of Immaculate Heart (DIH).

## പരേതരെ സ്മരിക്കാം – ജൂൺ

| | | |
|---|---|---|
| 02. | (1993) | ഫാ. ലൂയിസ് മേരി ഒ.സി.ഡി |
| 03. | (1995) | ഫാ. ഫ്രാൻസിസ് കുരുതുകുളം |
| 17. | (1982) | ഫാ. പീറ്റർ കുട്ടംപറമ്പിൽ (സി.) |
| 17. | (2000) | ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരി ഒ.സി.ഡി. |
| 17. | (2000) | ഫാ. ആന്റണി കൊടുവേലിപറമ്പിൽ ഒ.സി.ഡി. |
| 20. | (1984) | ഫാ. പയസ് മേരി ഒ.സി.ഡി. |
| 20. | (2020) | ഡോ. ഫ്രാൻസിസ് പാറവിള |
| 25. | (1983) | ഫാ. യൂജിൻ ഒ.സി.ഡി. |

## 2022 ലെ ദൈവവിളികൾക്കായുള്ള ലോക പ്രാർഥനാദിനത്തിൽ

# ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

### മാനവകുടുംബം പണിതുയർത്താൻ വിളിക്കപ്പെട്ടിരിക്കുന്നത്

പ്രിയ സഹോദരീസഹോദരന്മാരേ,

യുദ്ധത്തിന്റെയും മർദ്ദനത്തിന്റെയും ശീതക്കാറ്റ് വീശുകയും നിരന്തരം ധ്രുവീകരണത്തിന്റെ അടയാളങ്ങൾ അഭിമുഖീകരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിലാണ് നാം സഭയെന്ന രീതിയിൽ സിനഡാത്മക പ്രക്രിയ ഏറ്റെടുത്തിരിക്കുന്നത്: അടിയന്തിരമായി ഒരുമിച്ചു സഞ്ചരിക്കുന്നതിന്റെയും ശ്രവിക്കാനും, പങ്കുചേരാനും, പങ്കുവയ്ക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കുന്നതിന്റെയും ആവശ്യം നാം മനസ്സിലാക്കുന്നു. നല്ല മനസ്സുള്ള എല്ലാ സ്ത്രീ പുരുഷന്മാരോടും ചേർന്നു മാനവകുടുംബം പണിയുന്നതിൽ സഹായിക്കാനും അതിന്റെ മുറിവുകൾ ഉണക്കാനും അതിനെ കൂടുതൽ നല്ല ഒരു ഭാവിയിലേക്കു നയിക്കാനും നാം താത്പര്യപ്പെടുന്നു. ദൈവവിളികൾക്കായുള്ള ഈ 59-ാം ലോക പ്രാർഥനാദിനത്തിൽ സിനഡാത്മക സഭയുടെ പശ്ചാത്തലത്തിൽ "ദൈവവിളി"യുടെ വിശാല അർഥത്തെക്കുറിച്ച് നിങ്ങളോടൊത്ത് വിചിന്തനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു; സഭതന്നെയും ദൈവത്തെയും ലോകത്തെയും ശ്രവിച്ചുകൊണ്ടിരിക്കുകയാണല്ലോ.

### സഭയുടെ ദൗത്യത്തിൽ ഒരുമിച്ച് മുഖ്യപ്രണേതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്

സിനഡാത്മകത, അഥവാ ഒരുമിച്ചുള്ള സഞ്ചാരം, സഭയുടെ മൗലികമായ വിളിയുടെ ഭാവമാണ്. ഈ പശ്ചാത്തലത്തിൽ മാത്രമേ നമുക്കു വ്യത്യസ്തങ്ങളായ ദൈവവിളികളെയും സിദ്ധികളെയും ശുശ്രൂഷകളെയും തിരിച്ചറിയുകയും അവയെ വിലമതിക്കുകയും ചെയ്യാനാകൂ. സുവിശേഷപ്രഘോഷണം നടത്താനും മുന്നോട്ടു ഗമിച്ചുകൊണ്ട് സുവിശേഷത്തിന്റെ വിത്തുകൾ പാകാനുംവേണ്ടിയാണ് സഭ നിലകൊള്ളുന്നതെന്ന് നമുക്കറിയാമല്ലോ. അജപാലന പ്രവൃത്തിയുടെ എല്ലാ മേഖലകളിലും എല്ലാവരും ഒരുമിച്ചാണ് ഈ ദൗത്യം നിർവഹിക്കുന്നത്; ഇക്കാര്യത്തിൽ കർത്തൃശിഷ്യരെല്ലാവരും ഉൾപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, "ജ്ഞാനസ്നാനം വഴിയായി ദൈവജനത്തിന്റെ എല്ലാ അംഗങ്ങളും പ്രേഷിത ശിഷ്യരായിത്തീർന്നിരിക്കുന്നു (മത്താ 28:19). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും, സഭയിൽ അവരുടെ സ്ഥാനം എന്താണെന്നോ, വിശ്വാസത്തിലുള്ള അവരുടെ അറിവ് എത്രമാത്രമാണെന്നോ വ്യത്യാസമില്ലാതെ, സുവിശേഷവൽക്കരണത്തിന്റെ വക്താക്കളാണ്" (*Evangelii Gaudium*, 120). വൈദികഗണത്തെയും അത്മായ വിശ്വാസികളെയും വേർതിരിച്ചുനിറുത്തുന്ന പ്രവണതയ്ക്കെതിരേ നാം ജാഗരൂകരായിരിക്കണം; അത് വൈദികവൃന്ദത്തെ ഇക്കാര്യത്തിൽ മുഖ്യകഥാപാത്രങ്ങളും അത്മായരെ പ്രവർത്തകരുമായി വേർതിരിച്ചു കാണും; എന്നാൽ അത്മായരും അജപാലകരും ഒന്നുചേർന്ന് ഒരു ദൈവജനം എന്ന

നിലയിലാണ് ക്രൈസ്തവധർമം നിറവേറ്റുന്നത്. സഭ ആകമാനം ഒരു സമൂഹമെന്ന നിലയിൽ സുവിശേഷപ്രഘോഷണം നടത്തുന്ന ഒന്നാണ്.

**പരസ്പരവും സൃഷ്ടിയുടെയും രക്ഷിതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്**

ജീവിതത്തിൽ പ്രത്യേകമായ സമർപ്പണത്തിലൂടെ കർത്താവിനെ പിഞ്ചെല്ലുന്നവരെകുറിച്ചു ഉപയോഗിച്ചുവരുന്ന ഒരു പദമായി "ദൈവവിളി" എന്നതിനെ വളരെ ചുരുങ്ങിയ അർഥത്തിൽ മനസ്സിലാക്കാൻ പാടില്ല. ഛിന്നഭിന്നമാക്കപ്പെട്ട മനുഷ്യരാശിയെ ഒന്നിപ്പിക്കാനും അതിനെ ദൈവവുമായി അനുരഞ്ജിപ്പിക്കാനുമുള്ള ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുചേരാൻ നാമെല്ലാവരും വിളിക്കപ്പെട്ടവരാണ്. ഓരോ സ്ത്രീക്കും പുരുഷനും, അവർ ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിനും ക്രൈസ്തവ വിശ്വാസം ആശ്ലേഷിക്കുന്നതിനും മുമ്പേതന്നെ, അടിസ്ഥാനപരമായ ഒരു വിളിയുടെ ദാനം ലഭിക്കുന്നു: നമ്മിൽ ഓരോരുത്തരും ദൈവം തീരുമാനിച്ചുറച്ച സൃഷ്ടിയും നാം ദൈവത്താൽ സ്നേഹിക്കപ്പെട്ടവരുമാണ്; ദൈവത്തിന്റെ മനസ്സിൽ നമുക്കു ഓരോരുത്തർക്കും അനന്യവും സവിശേഷവുമായ ഒരു സ്ഥാനമുണ്ട്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ഹൃദയത്തിൽ, നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും സന്നിഹിതമായി ജ്വലിക്കുന്ന ഈ ദൈവിക സ്ഫുലിംഗം ഊതിവീർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നാം സ്നേഹവും പരസ്പര അംഗീകാരവും വഴിയായി മനുഷ്യരാശിയുടെ വളർച്ചയ്ക്കായി സഹകരിക്കാൻ ബാധ്യസ്ഥരാണ്. നമ്മൾ പരസ്പരം സംരക്ഷകരാകണം; അങ്ങനെ ഒത്തൊരുമയുടെയും പങ്കുവയ്ക്കലിന്റെയും ഇഴകൾ ശക്തിപ്പെടണം; അതുപോലെതന്നെ ഈ സൃഷ്ടപ്രപഞ്ചം നശിക്കാത്തവിധം അതിന്റെ മുറിവുകൾ ഉണക്കപ്പെടണം. ചുരുക്കത്തിൽ, സൃഷ്ടിയുടെ വിശിഷ്ടമായ ഈ പൊതുഭവനത്തിൽ അതിന്റെ വൈവിധ്യങ്ങളായ അംശങ്ങളിൽ അനുരഞ്ജിക്കപ്പെട്ട്, നാം ഏക കുടുംബമാകാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വിശാല അർഥത്തിൽ വ്യക്തികൾക്കു മാത്രമല്ല "ദൈവവിളി" ഉള്ളത്, പ്രത്യുത അത് ജനതകൾക്കും സമൂഹങ്ങൾക്കും വ്യത്യസ്ത വിഭാഗങ്ങൾക്കും ഉള്ളതാണ്.

**ദൈവത്തിന്റെ കാഴ്ച സ്വാഗതം ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നത്**

ഈ മഹത്തായ പൊതു ദൈവവിളിക്കുള്ളിൽ, ദൈവം നമ്മെ ഓരോരുത്തരെയും വ്യക്തിപരമായ ക്ഷണം നല്കി വിളിക്കുന്നു. അവിടന്നു തന്റെ സ്നേഹത്താൽ നമ്മെ സ്പർശിക്കുകയും നമ്മുടെ ആത്യന്തിക ലക്ഷ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യുന്നു; അത് മരണത്തിന്റെ പടിവാതിലിനെ അതിലംഘിക്കുന്ന ഒരു സാക്ഷാത്കാരത്തിന്റെ ഭാവമാണ്. അങ്ങനെയാണ് ദൈവം നമ്മുടെ ജീവിതങ്ങളെ കാണാൻ ആഗ്രഹിച്ചതും ഇപ്പോൾ കാണുകയും ചെയ്യുന്നത്.

ഓരോ ശിലയ്ക്കും ഉള്ളിൽ ഒരു പ്രതിമ സ്ഥിതിചെയ്യുന്നു എന്നാണ് മൈക്കൾ ആഞ്ചെലോ ബുണോറാത്തി കരുതിയിരുന്നത്; ശില്പിയുടെ ജോലിയാണ് അത് അനാച്ഛാദനം ചെയ്യുക എന്നത്. അത് ഒരു കലാകാരനെ സംബന്ധിച്ച് സത്യമാണെങ്കിൽ, ദൈവത്തെ സംബന്ധിച്ച് എത്ര അധികമാണ്! നസ്രത്തിലെ ആ യുവതി

യിൽ അവിടന്ന് ദൈവമാതാവിനെക്കണ്ടു. മത്സ്യത്തൊഴിലാളിയായ ശിമയോനിൽ തന്റെ സഭ പണിതീർക്കാനുള്ള പാറയായി അവിടന്നു പത്രോസിനെ കണ്ടു. ചുങ്കക്കാരൻ ലേവിയിൽ അവിടന്നു അപ്പസ്തോലനും സുവിശേഷകനുമായ മത്തായിയെ തിരിച്ചറിഞ്ഞു; സഭയുടെ കടുത്ത പീഡകനായിരുന്ന സാവൂളിൽ അവിടന്ന് വിജാതിയരുടെ അപ്പസ്തോലനായ പൗലോസിനെ കണ്ടു. ദൈവത്തിന്റെ സ്നേഹാർദ്രമായ നോട്ടം നമ്മെ എപ്പോഴും കണ്ടുമുട്ടുന്നു, നമ്മെ സ്പർശിക്കുന്നു, നമ്മെ സ്വതന്ത്രരാക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു; അങ്ങനെ നാം പുതിയ വ്യക്തികളായി മാറുന്നു. ഓരോ ദൈവവിളിയിലും ഇതാണ് സംഭവിക്കുന്നത്: നമ്മെ വിളിക്കുന്ന ദൈവത്തിന്റെ നോട്ടം നമ്മുടെമേൽ പതിക്കുന്നു. എന്നാൽ വിശുദ്ധിയെപ്പോലെതന്നെ ദൈവവിളിയും ചിലർക്കുവേണ്ടി മാത്രം പരിമിതിപ്പെടുത്തിയിട്ടുള്ള അനിതരസാധാരണമായ ഒരുനുഭവമല്ല. "തൊട്ടപ്പുറത്തെ വാതിലിനുള്ളിൽ വിശുദ്ധി ഉള്ളതുപോലെ" (*Gaudate et Exsultate* 6-9) ഓരോ ആളിനും ദൈവവിളിയുണ്ട്; കാരണം ദൈവത്തിന്റെ നോട്ടവും വിളിയും ഓരോ വ്യക്തിയിലേക്കും തിരിഞ്ഞിരിക്കുന്നു.

വിദൂര പൗരസ്ത്യദേശത്തുനിന്നുള്ള ഒരു പഴമൊഴിപ്രകാരം, "ജ്ഞാനിയായ ഒരു മനുഷ്യൻ ഒരു മുട്ടയിൽ ഒരു കഴുകനെ കാണുന്നു; ഒരു വിത്തിൽ നോക്കിയിട്ട് അയാൾ ഒരു വൃക്ഷത്തെ കാണുന്നു; പാപിയായവനെ നോക്കിയിട്ട് അയാൾ ഒരു വിശുദ്ധനെ കാണുന്നു." അങ്ങനെയാണ് ദൈവം നമ്മെ നോക്കിക്കാണുന്നത്; ചിലപ്പോൾ നമുക്കുതന്നെ നമ്മെക്കുറിച്ച് അവബോധമില്ലാത്ത ചില അന്തർലീന ശക്തി അവിടന്നു കാണുന്നു. ഈ അന്തർലീനശക്തി നമ്മൾ പൊതു നന്മയ്ക്കായി ഉപയോഗപ്പെടുത്താൻവേണ്ടി അവിടന്നു നമ്മുടെ ജീവിതങ്ങളിൽ അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്നു.

ദൈവവിളി ഈ രീതിയിലാണ് ഉയർന്നുവരുന്നത്. അതായത്, നമ്മൾ നമ്മിൽനിന്നുതന്നെ പുറത്തേക്കു നീങ്ങി നമ്മൾ ആയിത്തീരാനായി വിളിക്കപ്പെട്ട ഉൽകൃഷ്ട കലാസൃഷ്ടിയായി ഭവിക്കാൻ ദൈവിക ശില്പിയുടെ കരങ്ങളുടെ കലാവിരുത് കാരണമായിത്തീരുന്നു. നമ്മൾ സ്വാർഥമതികളാകുന്നതിൽനിന്നു നമ്മെ സ്വതന്ത്രരാക്കുന്ന ദൈവവചനം നമ്മെ സവിശേഷമാംവിധം ശുദ്ധീകരിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനും പുനഃസൃഷ്ടിക്കുന്നതിനും പ്രാപ്തമാണ്. ആകയാൽ ദൈവം നമ്മെ ഭരമേല്പിക്കുന്ന ദൈവവിളിയോട് ഉത്തരോത്തരം തുറന്ന മനോഭാവം പുലർത്തുന്നതിനു നമുക്കു ദൈവവചനം ശ്രവിക്കാം. നമ്മുടെ വിശ്വാസം ഏറ്റുപറയുന്ന സഹോദരീസഹോദരന്മാരെയും ശ്രദ്ധിക്കാൻ നമുക്കു പഠിക്കാം. കാരണം, നമ്മൾ പിന്തുടരാനായി പുത്തൻപാതകൾ നമ്മെ കാണിച്ചുതരുന്ന ദൈവത്തിന്റെ പദ്ധതി വെളിപ്പെടുത്തിതരാൻ അവരുടെ ഉപദേശവും മാതൃകയും സഹായകമാകും.

**ദൈവത്തിന്റെ നോട്ടത്തോട് പ്രത്യുത്തരിക്കാൻ വിളിക്കപ്പെടുന്നത്**

ദൈവത്തിന്റെ സ്നേഹമസൃണവും സൃഷ്ടിപരവുമായ നോട്ടം നമ്മെ യേശുവിൽ അതിവിശിഷ്ടമാംവിധം കണ്ടുമുട്ടുകയുണ്ടായി. "യേശു അവനെ നോക്കി, സ്നേഹം തോന്നി അവനോടു പറഞ്ഞു" എന്നു സുവിശേഷകനായ മർക്കോസ് (10:21) ധനികനായ യുവാവിനെ പരാമർശിച്ചു പറയുന്നു. യേശുവിന്റെ സ്നേഹം

നിറഞ്ഞ നോട്ടം നമ്മുടെ എല്ലാവരുടെയുംമേൽ ആയിരിക്കുന്നു. നമ്മിൽനിന്നു നമ്മെത്തന്നെ പുറത്തേക്കു നയിക്കുന്നതിനു നമ്മുടെമേൽ ഈ നോട്ടം വന്നുഭവിക്കുന്നതിനും അവിടന്നു നമ്മിൽ പ്രവർത്തിക്കുന്നതിനും അവിടത്തെ നമുക്കു അനുവദിക്കാം. ആരുടെയൊക്കെകൂടെ നാം ജീവിക്കുന്നുവോ ആരെയൊക്കെ നാം കണ്ടുമുട്ടുന്നുവോ - അവർ ആരായാലും - അവരെ സ്വാഗതം ചെയ്യുന്നവിധം അവരെ നോക്കാൻ നമുക്കു പഠിക്കാം; അതുവഴിയായി തങ്ങളുടെ അന്തർലീനശക്തിയുടെ പൂർണവികാസത്തിനായി തങ്ങളെ ക്ഷണിക്കുകയും തങ്ങളെ സ്നേഹിക്കുകയും ചെയ്യുന്ന ഒരാളുണ്ടെന്നു അവർ കണ്ടെത്തുകയും ചെയ്യട്ടെ.

ഈ നോട്ടം നാം സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ ജീവിതങ്ങൾ പരിവർത്തിതമാകും. അപ്പോൾ നമ്മളും കർത്താവും തമ്മിലുള്ളതും നമ്മൾ തമ്മിലും മറ്റുള്ളവരുമായുള്ള ദൈവവിളിയെ സംബന്ധിച്ച ഒരു സംഭാഷണമായി എല്ലാം മാറും. ആഴത്തിൽ അനുഭവിച്ചറിഞ്ഞ ഒരു സംഭാഷണം, നമ്മെ വളരെകൂടുതലായി നാമാക്കി മാറ്റും: പൗരോഹിത്യ ശുശ്രൂഷയിലേക്കുള്ള വിളിയിൽ ക്രിസ്തുവിന്റെ കൃപയുടെയും കരുണയുടെയും ഉപകരണങ്ങൾ; സമർപ്പിതജീവിതത്തിലേക്കുള്ള വിളിയിൽ ദൈവത്തെ സ്തുതിക്കുന്നവരും പുതിയൊരു മാനവികതയുടെ പ്രവാചകരും; വൈവാഹികജീവിതത്തിലേക്കുള്ള വിളിയിൽ പരസ്പരമുള്ള ദാനമാകുന്നവരും ജീവന്റെ ദാതാക്കളും അധ്യാപകരും; എല്ലാ സഭാപര വിളിയിലും ശുശ്രൂഷയിലും ദൈവത്തിന്റെ കണ്ണുകളിലൂടെ മറ്റുള്ളവരെയും ലോകത്തെയും കാണുന്നവരും നമ്മെ ശുശ്രൂഷിക്കുന്നവരും പ്രവർത്തനങ്ങളും വാക്കുകളുംവഴി സ്നേഹം പ്രസരിപ്പിക്കുന്നവരും.

ഇവിടെ ഞാൻ ഡോ. ഹൊസേ ഗ്രെഗോറിയോ ഹെർണാൻണ്ടസ് ചിസ്നെറോസിനെക്കുറിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. വെനെസ്വേലയിലെ കരാക്കാസിൽ ഭിഷഗ്വരനായി പ്രവർത്തിക്കുന്നതിനിടയിൽ അദ്ദേഹത്തിനു ഒരു ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായിത്തീരാൻ ആഗ്രഹമുണ്ടായി. തുടർന്നു അദ്ദേഹം ഒരു ആശ്രമവാസിയും പുരോഹിതനും ആകാൻ ആഗ്രഹിച്ചു; എന്നാൽ അദ്ദേഹത്തിന്റെ ആരോഗ്യം അതിനു അനുവദിച്ചില്ല. തന്റെ ദൈവവിളി ആതുരശുശ്രൂഷാരംഗത്താണെന്നു അദ്ദേഹം തുടർന്നു മനസ്സിലാക്കി; അതിൽ അദ്ദേഹം ദരിദ്രരായവരുടെ ശുശ്രൂഷയിൽ ഏറെ താത്പര്യപൂർവം സമയം ചെലവഴിച്ചു. അദ്ദേഹം അക്കാലത്തെ ലോകമഹാമാരിയായ "സ്പാനിഷ് ഫ്‌ളൂ" പിടിപെട്ടവരെ ശുശ്രൂഷിക്കുന്നതിൽ പരിമിതികളില്ലാതെ പ്രവർത്തിച്ചു. താൻ പരിചരിച്ചിരുന്ന ഒരു മുതിർന്ന രോഗിക്കു മരുന്നു വാങ്ങി ഫാർമസിയിൽനിന്ന് ഇറങ്ങിവരുമ്പോൾ ഒരു കാറിടിച്ച് അദ്ദേഹം ദിവംഗതനായി. കർത്താവിന്റെ വിളി സ്വീകരിച്ച് അത് പൂർണമായും ആശ്ലേഷിച്ച ആളെന്ന നിലയിൽ അദ്ദേഹം ഉത്തമസാക്ഷിയാണ്; ഒരു വർഷം മുമ്പ് അദ്ദേഹം വാഴ്ത്തപ്പെട്ടവനായി വിളിക്കപ്പെട്ടു.

**സാഹോദര്യംനിറഞ്ഞ ലോകം പണിതുയർത്താൻ വിളിക്കപ്പെടുന്നത്**

ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കു വ്യക്തിപരമായുള്ള ഒരു വിളി മാത്രമല്ല ലഭിക്കുന്നത്; നമ്മൾ ഒരുമിച്ച് വിളിക്കപ്പെട്ടവരാണ്. നാം ഒരു മൊസയിക്കിന്റെ

വ്യത്യസ്ത ചില്ലുകൾപോലെയാണ്. ഓരോചില്ലും അതിൽത്തന്നെ സുന്ദരമാണ്; എന്നാൽ അവ ചേർത്തുവച്ചുകഴിയുമ്പോൾ അത് ഒരു പൂർണചിത്രമായി മാറുന്നു. നമ്മൾ ഓരോരുത്തരും ഒരു താരകത്തെപ്പോലെ ദൈവത്തിന്റെ ഹൃദയത്തിലും പ്രപഞ്ചത്തിന്റെ നഭോമണ്ഡലത്തിലും പ്രകാശിക്കുന്നു. അതേസമയംതന്നെ, നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽതുടങ്ങി മനുഷ്യരാശിയുടെ പാത നിയന്ത്രിക്കാനും തെളിയിക്കാനും താരാവൃന്ദങ്ങളായി രൂപീകൃതമാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതാണ് സഭയുടെ രഹസ്യം; വ്യത്യസ്തകളുടെ ഒരാഘോഷം; മനുഷ്യരാശി എന്താകാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ അടയാളവും ഉപകരണവും. ഇക്കാരണത്താൽ, സഭ വർധിതമാംവിധം സിനഡാത്മകം ആകണം. ഒരുമിച്ചു നടക്കുവാൻ സാധിക്കുന്ന, വിഭിന്നതകളിൽ ഒന്നായി പൊരുത്തപ്പെട്ടിരിക്കുന്ന, ഓരോരുത്തർക്കും സജീവമായി പങ്കുചേരാനാകുന്ന, എല്ലാവർക്കും എന്തെങ്കിലും സംഭാവന ചെയ്യാനാകുന്ന ഒരു സമൂഹം.

ആകയാൽ നാം "ദൈവവിളി" എന്നു പറയുമ്പോൾ അത് ഏതെങ്കിലും ഒരു ജീവിതപന്ഥാവ് തെരഞ്ഞെടുക്കുന്നതോ, ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്നതോ ഒരു സന്യാസസമൂഹത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ സഭാത്മകസമൂഹത്തിന്റെയോ സിദ്ധിയാൽ ആകൃഷ്ടമാകുന്നതോ അല്ല; അത് ദൈവത്തിന്റെ ഒരു സ്വപ്നം സാക്ഷാത്കൃതമാകുന്നതാണ്. "അവർ എല്ലാവരും ഒന്നായിരിക്കണമേ" (യോഹ 17, 21) എന്ന് യേശു പിതാവിനോട് അപേക്ഷിച്ച സാഹോദര്യത്തിന്റെ സാക്ഷാത്കാരമാണിത്. സഭയിലെ ഓരോ ദൈവവിളിയും, വ്യാപക അർഥത്തിൽ സമൂഹത്തിലെ ഓരോ ദൈവവിളിയും, ഒരു പൊതു ലക്ഷ്യത്തിനായി സംഭാവന നല്കുന്നു; പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ മാത്രം സാധ്യമാകുന്ന സ്ത്രീപുരുഷന്മാരുടെ ഇടയിലുള്ള നിരവധി വ്യത്യസ്ത ദാനങ്ങളുടെ പൊരുത്തം ആഘോഷിക്കുക എന്നതാണിത്. പുരോഹിതരേ, സമർപ്പിതരായ സ്ത്രീപുരുഷന്മാരേ, അത്മായ വിശ്വാസികളേ, സ്നേഹത്തിൽ ഒന്നായിത്തീരുന്ന ഒരു മഹാമാനവകുടുംബം എന്നു പറയുന്നത് ഒരു ഉട്ടോപ്യൻ ദർശനമല്ലെന്നും ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യംതന്നെ അതായിരുന്നു എന്നുമുള്ള സത്യത്തെ നമുക്കു ഒരുമിച്ച് സഞ്ചരിച്ചുകൊണ്ടും ഒരുമിച്ചു പ്രവർത്തിച്ചുകൊണ്ടും സാക്ഷ്യപ്പെടുത്താം.

സഹോദരിസഹോദരന്മാരേ, നാടകീയമായ ചരിത്രസംഭവങ്ങൾക്കിടയിലും ദൈവജനം വർധിതമാംവിധം ഈ വിളിയോട് പ്രത്യുത്തരിക്കാൻ ഇടയാക്കണമെന്നു നമുക്കു പ്രാർഥിക്കാം. ഈ മഹത്തായ ദൈവിക പദ്ധതിക്കുതകുംവിധം നമ്മെത്തന്നെ പൂർണമായി സമർപ്പിക്കുന്നതിനും നമ്മൾ ഓരോരുത്തരും നമ്മുടെ സ്വന്തം ഇടം ഈ പദ്ധതിയിൽ കണ്ടെത്തുന്നതിനും നമുക്കു പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനായി പ്രാർഥിക്കാം.

റോം, വി. ജോൺ ലാറ്ററൻ ദേവാലയം, മേയ് 8, 2022 പെസഹാക്കാലം നാലാം ഞായറാഴ്ച

**ഫ്രാൻസിസ് പാപ്പാ**

# ഒന്നിച്ചു മുന്നേറാനുള്ള ആഹ്വാനവുമായി വിജയപുരം രൂപതാ സിനഡ്

**ഹെൻറി ജോൺ** (പി.ആർ.ഒ)

**വി**ജയപുരം രൂപതയുടെ ചരിത്രത്താളുകളിൽ സുവർണ്ണലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഒരു ത്രിദിന അസംബ്ലിയായിരുന്നു പ്രൗഢഗംഭീരമായ പരിപാടികളോടെ നടത്തപ്പെട്ട വിജയപുരം രൂപതാ സിനഡ് (2022). പരി. പാപ്പായുടെ ആഹ്വാനമനുസരിച്ച് 16-ാമത് മെത്രാന്മാരുടെ സിനഡിന് ഒരുക്കമായുള്ള ഈ രൂപതാതല സിനഡ് 2022 മെയ് 10 മുതൽ 12 വരെ കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. കുടുംബങ്ങൾ, കുടുംബകൂട്ടായ്മകൾ, ഇടവകകകൾ, 8 ഫൊറോനകൾ എന്നീ തലങ്ങളിലെ അതാതു സിനഡുകൾക്കു പുറമേ ബി.സി.സി., യുവജനം, സാമൂഹ്യ ശുശ്രൂഷ, വിദ്യാഭ്യാസ ശുശ്രൂഷ എന്നിവയുടെ മിനി സിനഡുകളും നടത്തിയതിനുശേഷമാണ് വിജയപുരം രൂപതാ സിനഡിന് വേദിയൊരുങ്ങിയത്.

പ്രൗഢഗംഭീരവും ഭക്തിസാന്ദ്രവുമായ ഉദ്ഘാടനച്ചടങ്ങുകൾ രൂപതയിലെ 2-ാമത്തെ ഈ സിനഡിനെ അത്യന്തം ആകർഷകമാക്കി. വൈദികർ, സന്യസ്തർ, അൽമായ നേതാക്കൾ, ഫൊറോനകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർ എന്നിവരുൾപ്പെട്ട 100 പ്രതിനിധികൾ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ വിമലഗിരി കത്തീഡ്രൽ ദൈവാലയത്തിന്റെ പ്രധാനവാതിൽക്കൽ ഒത്തുകൂടി. ആമുഖ പ്രാർത്ഥനയ്ക്കുശേഷം അഭിവന്ദ്യ പിതാവ് ദൈവാലയവാതിൽ തുറന്ന് പ്രതീകാത്മകമായി സിനഡിനു പ്രാരംഭം കുറിച്ചു. തുടർന്ന് കത്തിച്ച ദീപങ്ങളേന്തി എല്ലാവരും പ്രദക്ഷിണമായി അൾത്താരയിലെത്തിയതിനുശേഷം പിതാവ് തിരികൊളുത്തി സിനഡ് ആരംഭിക്കുന്നതായി ഔദ്യോഗിക പ്രഖ്യാപനം നടത്തി. തുടർന്ന് എല്ലാവരും മാതാവിന്റെ സ്തുതിക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

പ്രാർത്ഥനയ്ക്കുശേഷം അംഗങ്ങളെല്ലാവരും മനോഹരമായി അലങ്കരിച്ച് നയനമനോഹരമാക്കിയ സിനഡ് വേദിയിലേക്കു കടന്നുവരുകയും അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ സിനഡ് ആരംഭിക്കുകയും ചെയ്തു. സാധാരണയായി സൂനഹദോസുകളിൽ ക്രമീകരിക്കുന്ന മാതൃകയിൽ മുഖത്തോടുമുഖമായി പ്രതിനിധികളുടെ ഇരിപ്പിടങ്ങൾ അവരവരുടെ പേരുകൾ രേഖപ്പെടുത്തി സജ്ജീകരിച്ചിരുന്നു. കോട്ടയം നല്ലയിടയൻ ഇടവകാംഗങ്ങളായ കുഞ്ഞുകുട്ടികൾ സ്വാഗതനൃത്തം അവതരിപ്പിച്ചു. ശുശ്രൂഷാ കോ- ഓർഡിനേറ്റർ റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് സിനഡിന്റെ ആമുഖ പ്രാർത്ഥന ചൊല്ലിയത് പ്രതിനിധികൾ ഏറ്റുചൊല്ലി.

രൂപതാ സിനഡിന്റെ കൺവീനർ മോൺ. ജോസ് നവസ് എല്ലാവർക്കും സ്വാഗതമാശംസിച്ചു. പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സ്വർഗ്ഗ

രാജ്യത്തിന്റെ ഒരു മുന്നാസ്വാദനം ഈ ഭൂമിയിൽ വച്ചുതന്നെ അനുഭവിക്കുന്നതിനുള്ള ഒരു അവസരമാണ് ഈ രൂപതാ സിനഡ് പ്രദാനം ചെയ്യുന്നതെന്ന് ആമുഖമായി പ്രതിനിധികളെ ഓർമ്മപ്പെടുത്തി. ഒരുമിച്ചു മുന്നേറുക എന്നതാണ് ഏറ്റം പ്രധാന്യമർഹിക്കുന്ന കടമ; എല്ലാവരും മുഖ്യധാരയിലേക്കു കടന്നുവരണം. കൂട്ടായ്മയും പങ്കാളിത്തവും എല്ലാതലങ്ങളിലും പരിപോഷിപ്പിച്ച് സിനഡാത്മക സഭ എന്ന കാഴ്ചപ്പാട് ഒരു പ്രക്രിയയായി തുടരണമെന്നും പിതാവ് ആഹ്വാനം ചെയ്തു.

കോഴിക്കോട് രൂപതാ വികാരി ജനറാൾ മോൺ. ജെൻസൺ പുത്തൻവീട്ടിൽ രൂപതാസിനഡിന്റെ നടത്തിപ്പിനെ സംബന്ധിച്ചുള്ള മുഖ്യപ്രഭാഷണം നടത്തി. രൂപതാ സിനഡിന്റെ ലക്ഷ്യങ്ങൾ ഏവ, സിനഡിന്റെ നടപടിക്രമങ്ങൾ എപ്രകാരമായിരിക്കണം, ചർച്ചകൾ ഏതുവിധത്തിലുള്ളവയാവണം, കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ സിനഡ് വിഷയങ്ങളിലൂന്നി ഏപ്രകാരം ചിന്തകളും ചർച്ചകളും രൂപപ്പെടുത്താം, ചർച്ചകൾ വഴിതെറ്റിപ്പോകാനിടയുള്ള മുന്നറിയിപ്പുകൾ എന്നിവ സംബന്ധിച്ച് അച്ചൻ നടത്തിയ പ്രഭാഷണം പ്രതിനിധികൾക്ക് വലിയ മാർഗ്ഗനിർദ്ദേശമായി.

അത്താഴത്തിനും പ്രതിനിധികളുടെ സ്വയം പരിചയപ്പെടുത്തലിനും ശേഷം ഒന്നാംദിന പരിപാടികൾക്ക് സമാപനമായി.

**രണ്ടാംദിനം**

ആഘോഷമായ പ്രഭാത യാമപ്രാർത്ഥനയോടെയും വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ മുഖ്യകാർമ്മികനായി അർപ്പിക്കപ്പെട്ട സമൂഹബലിയോടെയും രണ്ടാംദിന സിനഡ് ആരംഭിച്ചു. എപ്പിസ്ക്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ പ്രാരംഭ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. ഫൊറോന സിനഡുകളുടെയും മിനി സിനഡുകളുടെയും റിപ്പോർട്ടവതരണമായിരുന്നു ആദ്യ സെഷൻ. 8 ഫൊറോന സിനഡുകളുടെ റിപ്പോർട്ടവതരണം റവ.സി. ലൂർദുമേരി, സോജൻ, ഷാജി മാത്യു, മേരി മാത്യു, മറിയാമ്മ, ലാസർ, ആനി ജോൺ, കെ.പി. ജോൺ എന്നിവരും മിനി സിനഡുകളുടെ റിപ്പോർട്ടവതരണം ജോസഫ് ചാക്കോ, ജോസ്‌വർക്കി, ഫാ. അഗസ്റ്റിൻ മേച്ചേരിൽ, ഫാ. ആന്റണി പാട്ടപ്പറമ്പിൽ, ജോയി എന്നിവരും അവതരിപ്പിച്ചു. ശ്രീമതി അന്നമ്മ എബ്രഹാം മോഡറേറ്ററായിരുന്നു.

ചായക്കുള്ള ഇടവേളയ്ക്കുശേഷം റിന്റു ആന്റണിയുടെ ലഘു പ്രാർത്ഥനയ്ക്കുശേഷം റിപ്പോർട്ടുകളിന്മേലുള്ള പൊതുചർച്ചകൾ ആരംഭിച്ചു. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ ചർച്ചകൾ നിയന്ത്രിച്ചു. ഉച്ചഭക്ഷണത്തിനുശേഷം മുൻകൂട്ടി ക്രമീകരിച്ചിരുന്ന 10 ഗ്രൂപ്പുകൾ നിശ്ചയിക്കപ്പെട്ട ഇടങ്ങളിൽ ഒത്തുകൂടി. സിനഡാത്മകസഭ വ്യത്യസ്ത രൂപതാ കമ്മീഷനുകളുടെ അടിസ്ഥാനത്തിൽ എന്തായിരിക്കണമെന്നത് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി. വൈകുന്നേരം നടത്തിയ ആഘോഷമായ സായാഹ്ന യാമപ്രാർത്ഥന, ജപമാലയർപ്പണം എന്നിവ സിനഡ് പ്രതിനിധികൾക്ക്

ആത്മീയ ഉണർവിനു കാരണമായിഭവിച്ചു. തുടർന്ന് നടന്ന രണ്ടു സെഷനുകളിലായി അതാത് ഗ്രൂപ്പ് സെക്രട്ടറിമാർ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും പൊതുചർച്ചകൾക്കു വിധേയമാക്കുകയും ചെയ്തു. ജയമതി, ബെൻസൺ ജോൺ എന്നിവർ പ്രാർത്ഥനകൾ നയിച്ച ഈ സെഷനുകൾ റവ.സി.ഫബി ജോസഫ് നയിച്ചു. പൊതുചർച്ചകൾ ഏറ്റം ഫലപ്രദവും സിനഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായിരുന്നു വെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

**സമാപനദിനം**

പ്രഭാതത്തിൽ നടത്തിയ ഭക്തിസാന്ദ്രമായ ദിവ്യകാരുണ്യ ആരാധനയും ആഘോഷമായ യാമപ്രാർത്ഥനയും സിനഡു പ്രതിനിധികൾക്ക് ആത്മീയ ഉത്തേജനം നൽകി. സിനഡിന്റെ അവസാന സെഷനിൽ സിനഡിന്റെ അന്തിമ രേഖയുടെ കരട് റവ.ഫാ.ഷിന്റോ വെളിപ്പറമ്പിൽ അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചകളുടെയും പൊതുചർച്ച കളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ കരട് വിശദമായ ചർച്ചകൾക്ക് വിധേയമാക്കിയതിനുശേഷം സിനഡ് യോഗം അംഗീകരിച്ചു. റവ.ഡോ. ആന്റണി പാട്ടപ്പറമ്പിൽ ചർച്ചകൾക്ക് നേതൃത്വം നൽകി.

ചായക്കുശേഷം ആഘോഷമായ സമാപനചടങ്ങിന് കത്തീഡ്രൽ ദൈവാലയത്തിന്റെ മുഖ്യകവാടത്തിനു മുമ്പിൽ പ്രതിനിധികളെല്ലാവരും ഒത്തുകൂടി. ഗ്രൂപ്പു ഫോട്ടോയ്ക്കുശേഷം റോസാപുഷ്പം കൈയിലേന്തി പ്രദക്ഷിണമായി അഭിവന്ദ്യപിതാവിനോടൊപ്പം ദിവ്യബലിയ്ക്കായി അൾത്താരയിലെത്തി. ആഘോഷമായ സമൂഹബലിക്കുശേഷം "തേദേവും" പാടി സർവേശ്വരന് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. റവ.സി. ജെനിൻ സി.എസ്.എസ്.റ്റി, വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ എന്നിവർ നന്ദി പ്രകാശനം നടത്തി.

**സംഘാടകമികവിന് മുഴുവൻ മാർക്ക്**

തങ്കലിപികളാൽ ചരിത്രത്താളുകളിൽ രേഖപ്പെടുത്തപ്പെട്ട 2022-ലെ വിജയപുരം രൂപത സിനഡ് ചിട്ടയാർന്ന ക്രമീകരണങ്ങൾകൊണ്ടും സംഘാടകമികവുകൊണ്ടും എല്ലാവരുടേയും മുക്തകണ്ഠ പ്രശംസയ്ക്ക് പാത്രമായി. ഈ വലിയ സംരംഭത്തിന്റെ പിന്നിൽ മാസങ്ങളായി അഹോരാത്രം പ്രയത്നിച്ച കൺവീനർ മോൺ. ജോസ് നവസ്, കോൺറ്റാക്ട് പേഴ്സൺ റവ.സി. ജനിൻ സി.എസ്.എസ്.റ്റി, റവ.സി. ജ്യോതിസ് ഡി.ഐ.എച്ച് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘാടക കമ്മിറ്റി എവരുടേയും മുക്തകണ്ഠ പ്രശംസയ്ക്ക് അർഹമായി. വളരെ ചെറിയ കാര്യങ്ങളിൽ പോലും അതീവശ്രദ്ധ പുലർത്തി ഈ സിനഡിന്റെ ക്രമീകരണങ്ങളിൽ ബദ്ധശ്രദ്ധനായി മേൽനോട്ടം വഹിച്ച് കമ്മറ്റികളെ ഊർജ്ജസ്വലമാക്കിയ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽ പ്പറമ്പിൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ജ്വലിക്കുന്നതായിട്ടാണ് കാണപ്പെട്ടത്. ആഘോഷമായ പ്രഭാത-സായാഹ്ന പ്രാർത്ഥനകൾ, ഭക്തിനിർഭരമായ ദിവ്യബലിയർപ്പണം, ജപമാല തുടങ്ങിയവ ക്രമീകരിക്കപ്പെട്ടത് സിനഡിന്റെ ആത്മീയപരിശുദ്ധി വർദ്ധിപ്പിക്കാ


നിടയാക്കി. സി. ഹെലന്റെ നേതൃത്വത്തിലുള്ള ലിറ്റർജി കമ്മറ്റി പ്രശംസയർഹിക്കുന്നു. എപ്പിസ്ക്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, ഫാ. ജോസഫ് ചെറുകാക്രാഞ്ചേരിൽ, ഫാ. ഹിലാരി തെക്കെക്കുറ്റ്, ഫാ. ജിൻസൺ മറ്റുപ്പിള്ളിൽ തുടങ്ങിയവരുടെ മേൽനോട്ടത്തിൽ ക്രമീകരിച്ച താമസസൗകര്യങ്ങൾ, വിഭവസമൃദ്ധമായ ഭക്ഷണം, ഇരിപ്പിട സജ്ജീകരണങ്ങൾ എന്നിവ ശ്രദ്ധയാകർഷിക്കുംവിധം ഉന്നത നിലവാരം പുലർത്തി. ഒരുപുത്തൻ സിനഡനുഭവം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ടും, ഇടവകകളിലും കുടുംബങ്ങളിലും സമൂഹം മുഴുവനിലും സിനഡാത്മകസഭ കെട്ടിപ്പടുക്കുവാൻ യത്നിക്കുമെന്ന് ദൃഢനിശ്ചയം ചെയ്തുകൊണ്ടുമാണ് പ്രതിനിധികളെല്ലാവരും ഈ ത്രിദിന അസംബ്ലിയിൽ നിന്നും വിടപറഞ്ഞത്.

## മതബോധനരംഗം

**ഇടവക മതബോധന ദിനം ജൂൺ 5**

അന്നുതന്നെ സി.എം.എൽ, തിരുബാലസഖ്യം തെരഞ്ഞെടുപ്പുകൾ നടത്തുക.

മതബോധന കലണ്ടർ പ്രകാരം ബാക്കി കാര്യങ്ങൾ ക്രമീകരിക്കുക.




## ജന്മദിനാശംസകൾ

**ജൂൺ**

01 ഫാ. അനീഷ് ഒ.എഫ്.എം ക്യാപ്
03 ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്
04 ഫാ. പീറ്റർ പാലയ്ക്കൽ
05 ഫാ. വർഗീസ് മറ്റപ്പിള്ളിൽ
06 ഫാ. ജോസഫ് പൂവത്തുകാട്
07 ഫാ. ജോൺ മറ്റുപ്പിള്ളിൽ
10 ഫാ. പീറ്റർ നെൽസൺ
14. ഫാ. അൽഫോൻസ് ചക്കാലയ്ക്കൽ
16 ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ
17 ഫാ. വിക്ടർ ജോർജ്ജറ്റ് മേജർ
19 ഫാ. ജസ്റ്റിൻ പിൻഹീരോ
21 ഫാ. ഇമ്മാനുവൽ ചെമ്പാറ
25 ഫാ. ജോർജ് പുത്തൻപറമ്പിൽ
25 ഫാ. ജോസഫ് കാനപ്പിള്ളി
28 ഫാ. തോമസ് പഴവക്കാട്ടിൽ
30 ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ

# പ്രപഞ്ചം നമ്മുടെ പൊതുഭവനം

സി. മേരി സോഫിയ ഡി.ഐ.എച്ച്.

**നാം** ജീവിക്കുന്ന ചുറ്റുപാടും അതിന്റെ പരിസ്ഥിതിയുമെല്ലാം യഥാർത്ഥത്തിൽ ദൈവത്തിന്റെ ദാനമാണ്. അവ ദൈവത്തെ മഹത്വപ്പെടുത്തുന്നു. "ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു. വാതവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു." (സങ്കീ. 19:1). ദൈവത്തിന്റെ സൃഷ്ടി വൈഭവത്തിന്റെ ഏറ്റവും വലിയ തെളിവാണ് അതിലെ ചരാചരങ്ങളും. സൃഷ്ടിയുടെ മകുടമായ മനുഷ്യനും ഭൂമിയും അതിലെ ജീവജാലങ്ങളും ചേർന്ന് സാഹോദര്യത്തിന്റെ സംഗീതം മീട്ടി സ്രഷ്ടാവിനെ സ്തുതിക്കുമ്പോൾ ദൈവത്തിന്റെ സൃഷ്ടികർമ്മം അനശ്വരമായിത്തീരുന്നു.

ഉണ്ടാകട്ടെ എന്ന ഒറ്റവാക്കിനാൽ ശൂന്യതയിൽ നിന്ന് രൂപപ്പെടുത്തിയ ഈ പ്രപഞ്ചത്തെ ജീവജാലങ്ങളെ നോക്കി എല്ലാം നന്നായിരിക്കുന്നു എന്നു പറഞ്ഞ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ കടമയാണ് ഈ ഭൂമിയിലെ മനോഹരമായി പരിപാലിക്കുക എന്നത്. മനുഷ്യന്റെ പൊതുഭവനമായ ഭൂമിയുടെ സുസ്ഥിതിക്കും ഭദ്രതയ്ക്കുമായി നമ്മെത്തന്നെ സമർപ്പിച്ചുകൊണ്ട് അതിന്റെ മനോഹാരിത സംരക്ഷിക്കത്തക്കവിധത്തിൽ ജീവിതരീതിയിൽ മാറ്റം വരുത്തണമെന്ന് ഫ്രാൻസിസ് പാപ്പ അഭ്യർത്ഥിക്കുന്നു. പരിസ്ഥിതി സംരക്ഷണവും, പ്രകൃതി പരിപാലനവും വർദ്ധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ നമ്മുടെ ഭൂമിക്ക് സംഭവിക്കുന്ന വിനാശത്തെക്കുറിച്ച് വേദനാപൂർണ്ണവും ആത്മാർത്ഥവുമായ കരുതൽ ഉണ്ടായിരിക്കണമെന്ന് പരിസ്ഥിതിയുടെ പൊതുസരംക്ഷണം സംബന്ധിച്ച "ലൗദാത്തെ സി" എന്ന ചാക്രിക ലേഖനത്തിൽ പാപ്പ പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ കരുതലോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണ് ഈ ഭൂമിയെന്ന കാര്യം മനുഷ്യൻ മറന്നു പോകുന്നു. സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി പ്രകൃതിയെ ചൂഷണം ചെയ്യുന്നത് അതിരുകവിയുന്നു. ഇത് മനുഷ്യന് ജീവിക്കാൻ വേണ്ടിയാണെന്ന് പറയാൻ കഴിയില്ല. ആഡംബര ജീവിതത്തിനും ലാഭത്തിനും വേണ്ടിയാണ് വൻതോതിലുള്ള പ്രകൃതി ചൂഷണം നടക്കുന്നത്. അതേ സമയം ദരിദ്രർക്കും പാവപ്പെട്ടവർക്കും ജീവൻ നിലനിർത്താനുള്ള വിഭവങ്ങൾ പോലും കിട്ടുന്നുമില്ല. ഇവിടെ ജനിച്ചു വളരുന്ന എല്ലാ തലമുറകൾക്കും ഭാവിയിൽ ജീവിക്കാനുള്ള സ്ഥലമാണ് ഈ ഭൂമി. പ്രാപഞ്ചിക കൂട്ടായ്മയുടെ മനോഭാവമാണ് നമുക്ക് ആവശ്യം.

ഈ മനോഭാവം നഷ്ടപ്പെടുന്നിടത്താണ് സ്വാർത്ഥത മുളയെടുക്കുന്നത്. സ്വാർത്ഥത പ്രപഞ്ചത്തിന്റെ സംസ്കാരത്തിന്റെ വിനാശത്തിന് കാരണമാകുന്നു. മലനിരകൾ മരുഭൂമിയായി, വയലോലകൾ കൂറ്റൻ കെട്ടിടങ്ങളായി, വനഭൂമി തരിശു നിലങ്ങളായി രൂപപ്പെടുമ്പോൾ വരും തലമുറയോട് നീതി പുലർത്താൻ നമുക്കാവില്ല. ശ്രീ. ബാലചന്ദ്രന്റെ കവിതാശകലം നെഞ്ചിലെ നീറ്റലായി അവശേഷിക്കും. "ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ..." വൈകിപ്പോയെങ്കിലും സമയം തീർന്നിട്ടില്ല. പരിസ്ഥിതി സംരക്ഷണത്തിന് ഏറെ പ്രാധാന്യം കല്പിക്കുന്ന കാലഘട്ടത്തിലാണ് നാം. സെമിനാറുകളും ചർച്ചകളും തുടർക്കഥയാകാതെ ഈ ഭൂമിയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാം. ഒരു തരിമണ്ണ്, ഒരു തൈ, ഒരു തുള്ളിവെള്ളം (ജലം) ഇവയ്ക്ക് കാവലാളാകാം...

"ഇനി വരുന്ന തലമുറയ്ക്ക് വേണ്ടി ഇവിടം പറുദീസയാക്കാം."

# നവമാനങ്ങൾ തേടുന്ന വിദ്യാരംഗം

സി. മേരി സോഫിയ ഡി.ഐ.എച്ച്.

ഒരു ശിശുവിന്റെ വളർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് വിദ്യാഭ്യാസം. ബുദ്ധിപരമായ വളർച്ചയ്ക്കപ്പുറം സ്വഭാവരൂപീകരണത്തിന് ഏറെ പ്രാധാന്യം കൊടുത്തിരുന്നവരാണ് നമ്മുടെ പൂർവികർ. നമ്മുടെ പ്രാചീന വിദ്യഭ്യാസരീതിയിൽ ഗുരുകുലവിദ്യാഭ്യാസവും ആശ്രമങ്ങളും അനുവർത്തിച്ചിരുന്നത് സംസ്കാര പോഷണത്തിൽ ഊന്നിയ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ്. ഗുരുവിനോടൊപ്പം താമസിച്ച് വിദ്യ അഭ്യസിക്കുന്നതോടൊപ്പം ജീവിക്കാനും ശിഷ്യർ പഠിച്ചിരുന്നു. മനസിന്റെ അടക്കം അതായിരുന്നു ആദ്യപാഠം. വിദ്യാഭ്യാസമെന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതുമാത്രമല്ല പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജ്ജിക്കൽ കൂടിയാണ്. ഒരു കുട്ടി, ഒരു അധ്യാപിക, ഒരു പുസ്തകം, ഒരു പേന ഇവയ്ക്ക് ലോകം മാറ്റി മറിയ്ക്കാൻ സാധിക്കും എന്നാണ് ഏറ്റവും പ്രായം കുറഞ്ഞ നോബൽ സമ്മാനാർഹ എന്ന് പ്രശസ്തിയാർജ്ജിച്ച മലാല യൂസഫ് അഭിപ്രായപ്പെടുന്നത്.

നമ്മുടെ രൂപത സ്ഥാപിതമായി നവതി പിന്നിടുമ്പോളും വിദ്യാഭ്യാസപരമായി ഇനിയും മുന്നേറാനുണ്ട് എന്ന തിരിച്ചറിവാണ് ആ മേഖലയിൽ കൂടുതൽ ശ്രദ്ധ നല്കി പദ്ധതികൾ ആവിഷ്കരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. രൂപതയിലെ 9389 കുട്ടികളിൽ നമ്മുടെ വിദ്യാഭ്യാസ കോർപ്പറേറ്റിന് കീഴിലുള്ള 36 സ്കൂളിലായി പഠിക്കുന്നത് 12.1 % കുട്ടികൾ മാത്രമാണ്. രൂപതാംഗങ്ങളായ കുട്ടികൾ ബഹുഭൂരിപക്ഷവും മറ്റ് സ്കൂളുകളിൽ പഠിക്കുന്നവരാണ്. രൂപതയുടെ സ്കൂളുകളിലൂടെ രൂപതയിലെ 87.9% കുട്ടികളേയും ശ്രദ്ധിക്കാൻ രൂപതയ്ക്ക് നിലവിൽ സാധിക്കുന്നില്ല. ആയതിനാൽ രൂപതയിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരവും അവരുടെ ഭാവിയും മെച്ചപ്പെടുത്തുന്നതിനായി ബദൽ സംവിധാനങ്ങളേക്കുറിച്ച് നാം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**രൂപത സ്വീകരിച്ചിരിക്കുന്ന സംവിധാനങ്ങൾ**

1. ഓൺലൈൻ ട്യൂഷൻ ക്ലാസ്: രൂപതയുടെ ഭാവി വാഗ്ദാനങ്ങളായ വരും തലമുറയുടെ വിദ്യാഭ്യാസ വളർച്ച ലക്ഷ്യം വച്ചുകൊണ്ടാണ് ഓൺലൈൻ ട്യൂഷൻ ക്ലാസ് ആരംഭിച്ചിരിക്കുന്നത്. നമ്മുടെ രൂപതയിലെ വിവിധ സ്കൂളുകളിൽ അനേക വർഷങ്ങളായി പഠിപ്പിക്കുന്ന പരിചയസമ്പന്നരായ ഏറ്റവും മികച്ച അധ്യാപകരാണ് ഈ ക്ലാസ്സുകൾ എടുക്കുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ എല്ലാ വിഷയങ്ങൾക്കുമാണ് ട്യൂഷൻ നൽകുന്നത്. നമ്മുടെ വിദ്യാർഥികൾ ഏതു സ്കൂളിൽ പഠിച്ചാലും പരിചയസമ്പന്നരായ അധ്യാപകരുടെ സേവനം രൂപതയിലെ മുഴുവൻ വിദ്യാർഥികൾക്കും ഈ ഓൺലൈൻ സംവിധാനത്തിലൂടെ ലഭിക്കുന്നു.

2. ലൈഫ് ഓറിയന്റേഷൻ ട്രയിനിംഗ് പ്രോഗ്രാം: വിജയപുരം രൂപതയുടെ വിദ്യാഭ്യാസ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ കോട്ടയം ഫൊറോ

നയുടെ കീഴിലുള്ള 14 ഇടവകകളിൽ 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായുള്ള ജീവിതരൂപീകരണ പരിശീലനം. ആത്മീയം, ശാരീരികം, മാനസികം, ബൗദ്ധികം എന്നീ വൈവിധ്യമാർന്ന തലങ്ങളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്താനും അവ വികസിപ്പിക്കാനും സഹായകമാകുന്നതാണ് ഈ പരിശീലനം. നൈപുണ്യവികസനം, അടിസ്ഥാന വിദ്യാഭ്യാസം, ആശയവിനിമയം, ശാരീരികക്ഷമത, വ്യക്തിശുചിത്വം, കായികക്ഷമത, ഉപചാരങ്ങൾ, ലൈംഗിക വിദ്യാഭ്യാസം, ആശയവിനിമയ മാധ്യമങ്ങളുടെ ശരിയായ ഉപയോഗം എന്നീ മേഖലകളിൽ ശ്രദ്ധയൂന്നി കുട്ടികളെ ജീവിത വിജയത്തിന് ഒരുക്കുക എന്നതാണ് ഈ പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്. 89 കുട്ടികൾ ആദ്യ ബാച്ചിൽ പരിശീലനം ആരംഭിച്ചു.

3. ബ്രില്ല്യന്റ് മീറ്റ്: രൂപതാ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നല്കുന്ന പദ്ധതിയാണ് വിജയപുരം ബ്രില്ല്യന്റ് മീറ്റ്. പാലാ ബ്രില്ല്യന്റ് അക്കാദമിയുമായി സഹകരിച്ചാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പ്ലസ് 1-ൽ പഠനമാരംഭിച്ച 40 കുട്ടികളാണ് ആദ്യബാച്ചിൽ (2021-2023) പ്രവേശനം നേടിയത്.

നമ്മുടെ ഭാവിതലമുറയെ വാർത്തെടുക്കുന്നതിനായി രൂപത സ്വീകരിച്ചിരിക്കുന്ന കർമ്മപദ്ധതികൾ ഫലമണിയാൻ നമുക്കും കൈകോർക്കാം.

---

## പ്രതിഭകളെ ആദരിച്ചു.



ഡി.സി.എം.എസ്. പൊതി സെന്റ്. മൈക്കിൾസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ പ്രതിഭകളെ ആദരിച്ചു.കളരി വിദ്ധ്വാനും ആയോധന കലയിൽ പ്രശസ്തനും തിരുവനന്തപുരം കാവാലം നാരായണപണിക്കർ മെമ്മോറിയൽ അവാർഡ് ജേതാവുമായ സണ്ണി പുന്നുമേപ്പുറം, വിജയപുരം രൂപത നടത്തിയ സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ആഷ്ബിൻ ആന്റണി എന്നിവരെ വികാരി ഫാ.അഗസ്റ്റിൻ കല്ലറയ്ക്കൽ സ്നേഹാദരം മെമന്റോ നൽകി ആദരിച്ചു. പ്രസിഡന്റ് ജോസ് ഇടങ്ങലീൽ, ആർട്സൻ പൊതി, സാജു വേമ്പനികാലാ, കുഞ്ഞുമോൾ കൊല്ലംകുന്നേൽ എന്നിവർ പ്രസംഗിച്ചു.

# കരുതലിന്റെ നിശബ്ദസാന്നിധ്യം

സി. മേരി എൽസ ഡി.ഐ.എച്ച്.

**അ**മ്മ സ്നേഹമാണെങ്കിൽ അച്ഛൻ കരുതലിന്റെ മറ്റൊരു പര്യായമാണ്. ചെറുതായിരുന്നപ്പോൾ കൈപിടിച്ചു നടക്കാൻ നമ്മെ പഠിപ്പിച്ച അച്ഛൻ തന്നെയാണ് പിന്നീടുള്ള ഓരോ ജീവിതയാത്രയിലും നമ്മുടെ കരുത്തും പ്രചോദനവും. എല്ലാവർഷവും ജൂൺ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച പിതൃദിനമായി ആചരിക്കപ്പെടുന്നു. അച്ഛന്റെ ദിവസത്തേയും ബന്ധത്തേയും ബഹുമാനിക്കുന്ന ഒരു ദിവസം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത് വിവിധ ദിവസങ്ങളിലായിട്ടാണ് ആഘോഷിക്കപ്പെടുന്നത്. പലപ്പോഴും മാർച്ച്, മെയ്, ജൂൺ മാസങ്ങളിലായിട്ടായിരിക്കും. ഭൂമിയിലെ മുഴുവൻ അച്ഛന്മാരുടെയും സ്നേഹത്തിനും കരുതലിനും കഷ്ടപ്പാടുകൾക്കും മക്കൾ നൽകുന്ന ബഹുമാനവും പിതൃത്വത്തിന്റെ ആഘോഷ നിമിഷങ്ങൾക്കും ഒക്കെയാണ് പിതൃദിനം.

വാക്കുകളെക്കാൾ ജീവിതശൈലിയിലൂടെ ഒരുപാട് കാര്യങ്ങൾ പഠിപ്പിക്കുന്ന പാഠപുസ്തകമാണ് അച്ഛൻ. ജീവിതം എന്തെന്ന് ജീവിതം കൊണ്ട് കാട്ടിതന്ന്, പഠിപ്പിച്ച്, എപ്പോഴും സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അനുഗ്രഹത്തിന്റെയും അദൃശ്യകരങ്ങളായി അച്ഛൻ ജീവിതത്തിലുടനീളം പ്രവർത്തന നിരതനാകുന്നു. കാർക്കശ്യത്തിന്റെയും നിയന്ത്രണത്തിന്റെയും മറവിൽ അച്ഛന്റെ വാത്സല്യവും കരുതലും പ്രകടമാക്കാതിരിക്കുകയും തിരിച്ചറിയപ്പെടാതെയും പോകുന്നുവെന്നതാണ് സത്യം. ഓരോ വിയർപ്പുതുള്ളിയ്ക്കും സ്നേഹത്തിന്റെ ഗന്ധമുണ്ടെന്ന് പറഞ്ഞുതരുന്ന നിശബ്ദസാന്നിദ്ധ്യം. അപ്രകാരം കുടുംബത്തെ നിലനിർത്തുന്ന തൂണുകളായി അവർ മാറുന്നു.

അമ്മയുടെ വേദനയേയും ത്യാഗത്തേയും ഒട്ടേറെ കവികൾ വാഴ്ത്തിപ്പാടിയിട്ടുണ്ട്. പിതൃസ്നേഹം അത്രമേൽ പ്രകീർത്തിക്കപ്പെടാറില്ല. അമ്മയോടുള്ള പുക്കിൾക്കൊടി ബന്ധം അത്രമേൽ തീവ്രമാണ്. എന്നാൽ അദൃശ്യമായ ഒരു പുക്കിൾക്കൊടിയിലൂടെ തന്റെ ചോരയും വിയർപ്പും ജീവനും ജീവിതവും അച്ഛൻ നമുക്കുപങ്കുവച്ചു തരുന്നുണ്ട്. പത്തുമാസം ചുമന്ന കഥ അമ്മ പലവട്ടം പറഞ്ഞിട്ടും പോറ്റാൻ വളർത്താൻ രാത്രിയെപ്പോലും പകലാക്കിയ അച്ഛൻ ഇന്നോളം പരിഭവമൊന്നും പറഞ്ഞുകേട്ടിട്ടില്ല. വയറിൽ ചുമക്കുന്ന അമ്മയോളം തന്നെ തന്റെ കുഞ്ഞിനെ നെഞ്ചിൽ ചുമന്ന് ഒരായിരം മടങ്ങ് വേദനയോടെ കൈയ്യിൽ കിട്ടുംവരെ എല്ലാവേദനയും ഉള്ളിൽ ഒതുക്കി പിടിച്ചു നിൽക്കാൻ ഈ ഭൂമിയിൽ അവർക്കു മാത്രമേ കഴിയൂ.

അലോക് ശിവ പറയുന്നു. "കൈപിടിച്ച് കൊണ്ടുനടക്കുന്ന കാലത്ത് അറിഞ്ഞില്ല അച്ഛൻ എന്ന മൂന്നുവാക്കിന്റെ മഹത്വം. അറിഞ്ഞിരുന്നെങ്കിൽ

ആ കൈ ഒന്നുകൂടെ മുറുക്കി പിടിക്കാമായിരുന്നു.'' സ്നേഹവും കരുതലും ഒക്കെ മനസിൽ നിറച്ചു നിശബ്ദസാന്നിധ്യമായി മാറുമ്പോഴും അപ്പന്റെ മനസ് അറിയുവാൻ കഴിയുന്നുണ്ടോ? ജീവിതത്തിന്റെ വളർച്ചയുടെ നാളുകളിൽ ശൈശവം മുതൽ ഓരോ ഘട്ടത്തിലും മക്കളെ പ്രതി, കുടുംബത്തെപ്രതി ടെൻഷനടിക്കുന്ന അപ്പനെ നാം ഓർക്കാറുണ്ടോ? വീട്ടിലെ കഷ്ടങ്ങളും നഷ്ടങ്ങളും ഒക്കെ മറന്ന് നാം ചോദിക്കുന്ന ഓരോന്നും വാങ്ങിത്തരാൻ ശ്രമിക്കുന്ന അപ്പനെ നാം അറിയാൻ ശ്രമിച്ചിട്ടുണ്ടോ? അമ്മ എത്ര വഴക്കുപറഞ്ഞാലും നിസാരമായി എടുക്കുന്ന പലരും അച്ഛനൊന്നു വഴക്കുപറഞ്ഞാൽ തളർന്നു പോകും. നാം കഴിക്കുന്ന ഭക്ഷണം നന്നായിരിക്കുന്നു. അടിപൊളിയായിരിക്കുന്നു എന്നൊക്കെ അമ്മയോടു പറയുമ്പോഴും ഭക്ഷണത്തിനും അതു നൽകുന്ന സന്തോഷത്തിനും പിന്നിൽ ഒരു വ്യക്തിയുണ്ടെന്ന കാര്യം നാം പലപ്പോഴും മറന്നുപോകുന്നു. സ്വന്തം ജീവിതം തന്റെ മക്കൾക്കും ഭാര്യയ്ക്കും വേണ്ടി ഉപയോഗിക്കുകയും പണിക്കുപോയിട്ടു തിരിച്ചുവരുമോ ഇല്ലയോ എന്നുറപ്പില്ലാതെ ജീവിക്കുന്ന അച്ഛന്റെ സ്നേഹവും ദേഷ്യവും വാശിയുമൊക്കെയാണ് നമ്മെ ഇന്നു കാണുന്ന ഒരാളായി മാറ്റിയത്. മനസുതുറന്ന് ഒന്ന് ചിരിക്കാൻ കഴിയുന്ന മക്കൾക്കു പിന്നിൽ മക്കളെ സ്വപ്നം കാണുവാൻ പഠിപ്പിച്ച അച്ഛനുണ്ടാകും. ജീവിതത്തിന്റെ ഓരോ നെടുവീർപ്പും കുടുംബത്തിന്റെ നന്മയ്ക്കായി പ്രാർത്ഥനയായി ഉയർത്തുന്ന അവർക്ക് സ്നേഹം മാത്രം പ്രതിഫലമായി നൽകുക എന്ന ഓർമ്മപ്പെടുത്തലാവട്ടെ ഇത്തവണത്തെ പിതൃദിനം.

തലമുറകളായി കാത്തുസൂക്ഷിച്ചുവരുന്ന പൈതൃകത്തിന്റെ മഹത്വം നഷ്ടപ്പെട്ടുവരുന്ന ഒരു യുഗത്തിലാണ് നാം ഇന്ന്. സ്വന്തം സന്തോഷത്തിനുണ്ടി കുടുംബത്തെ മറന്ന് മദ്യത്തിനും മറ്റു ദുശീലങ്ങൾക്കു അടിമയാകുന്ന, സ്വാർത്ഥതയുടെ പര്യായമായി മാറുന്ന മക്കൾക്കു പേടിസ്വപ്നമായി മാറുന്ന പിതൃജീവിതങ്ങൾ. പിതൃത്വത്തിന്റെ നന്മയേയും ത്യാഗത്തേയും ഓർമ്മപ്പെടുത്തുന്ന ഈ പിതൃദിനം ഓരോ അപ്പന്മാർക്കും വിചിന്തനത്തിന്റെയും തെറ്റുതിരുത്തലിന്റേതും ആയിരിക്കട്ടെ. കുടുംബത്തിൽ സ്നേഹത്തിന്റെ അനുഗ്രഹത്തിന്റെ, കൂട്ടായ്മയുടെ, ശാസനയുടെ, തെറ്റുതിരുത്തലിന്റെ, പങ്കുവയ്ക്കലിന്റെ വക്താക്കളാകുവാൻ കഴിയട്ടെ.

കുടുംബത്തിനുവേണ്ടി നിലകൊള്ളുന്ന അവരുടെ ജീവിതങ്ങളെ അനുഗ്രഹിക്കണമേ, അവരുടെ കരങ്ങളെ ശക്തിപ്പെടുത്തണമേ, അവരുടെ പാദങ്ങൾക്കു ബലമേകണമേ എന്ന പ്രാർത്ഥനയോടെ ആവട്ടെ നമ്മുടെ ഓരോ ദിവസങ്ങളും. നിശബ്ദതയോടെ ജീവിതം നയിച്ച് കർത്തവ്യങ്ങൾ അനുഷ്ഠിച്ച് കരുതലോടെ കുടുംബത്തെ പരിപാലിച്ച തിരുക്കുടുംബ നാഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം നമ്മുടെ എല്ലാ അപ്പന്മാരേയും സഹായിക്കട്ടെ, അനുഗ്രഹിക്കട്ടെ.

## വിദ്യാഭ്യാസരംഗം

# അറിയിപ്പ്

## D.El. Ed, B.Ed അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്

വിജയപുരം കോർപറേറ്റ് മാനേജ്മെന്റിൽപ്പെട്ട സ്കൂളുകളിൽ പ്രൈമറി/ ഹൈസ്കൂൾ അധ്യാപകരെ നിയമിക്കുന്നതിന് നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 2022 സെപ്റ്റംബർ 30-ന് അവസാനിക്കുകയാണ്. അടുത്ത റാങ്ക് ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ D.El. Ed (TTC). B.Ed, K- TET) തത്തുല്യ യോഗ്യത ഇവ പാസ്സായ രൂപതാംഗങ്ങളായ ഉദ്യോഗാർത്ഥികൾ 2022 ജൂൺ 30-ാം തീയതി വൈകിട്ട് 5 മണിക്കകം വിജയപുരം കോർപറേറ്റ് മാനേജ്മെന്റ് എഡ്യൂക്കേഷൻ ഓഫീസിൽ നേരിട്ട് അപേക്ഷ നല്കേണ്ടതാണ്. അപേക്ഷാ ഫോറം ഓഫീസിൽ നിന്നും മെയ് 24 മുതൽ ലഭിക്കും. രജിസ്ട്രേഷൻ ഫീസ് 750/- രൂപ ആണ്. കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റിലുള്ള ഒന്നാം റാങ്കുകാർ ഉൾപ്പടെ ഇതുവരെയും ലീവ് വേക്കൻസിയില്യ്ക്ക് വിളിക്കാത്തവർക്കും പുതുതായി പരീക്ഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കും പുതിയ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പഴയ റാങ്ക് ലിസ്റ്റിലുള്ള ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് പ്രത്യേക വെയ്റ്റേജ് ഉണ്ടായിരിക്കുന്നതാണ്. ഒരു കുടുംബത്തിൽ ഒരാൾക്ക് രൂപത വക എയിഡഡ് സ്കൂളിൽ ജോലിയുണ്ടെങ്കിൽ ആ വ്യക്തിയുടെ ഭാര്യയോ, ഭർത്താവോ, വിവാഹം കഴിക്കാത്ത സഹോദരങ്ങളോ, മക്കളോ അപേക്ഷിക്കേണ്ടതില്ല.

**താഴെ പറയുന്ന നിർദ്ദിഷ്ഠ യോഗ്യതയുള്ളവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്.**

1. ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ.
2. 65 % മാർക്കിൽ കൂടുതൽ ഉള്ളവർ.
3. ഉന്നത വിദ്യാഭ്യാസ യോഗ്യത ഉള്ളവർ (B.A. M.A , M.Sc. M.Ed , M.Phil . Ph.D.).
4. വിജയപുരം രൂപതാംഗങ്ങൾ തമ്മിൽ വിവാഹം കഴിച്ചവർ.

**വിദ്യാഭ്യാസയോഗ്യത**

പ്രൈമറി അധ്യാപകർ (LPST/ UPST): +2, D.El.Ed, K TET Category I or II

ഹൈസ്കൂൾ അധ്യാപകർ (HST): B.A/ B.Sc, B.Ed, K TET Category III

പ്രൈമറി ഭാഷാധ്യാപകർ (സംസ്കൃതം, ഹിന്ദി അറബ്): ബന്ധപ്പെട്ട വിഷയങ്ങളിലുള്ള യോഗ്യത, K TET Category IV

2022 സെപ്റ്റംബർ 10-ാം തീയതി ശനിയാഴ്ച 11 മണി മുതൽ 1 മണി വരെ എഴുത്തുപരീക്ഷയും, 13 -ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി

മുതൽ D.El.Ed ഉദ്യോഗാർഥികൾക്കും, 15-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ B.Ed ഉദ്യോഗാർഥികൾക്കും ഇന്റർവ്യൂവും മോഡൽ ക്ലാസ്സും കോട്ടയം കുഞ്ഞിക്കുഴിയിലുള്ള ഹോളി ഫാമിലി ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. എഴുത്ത് പരീക്ഷയ്ക്ക് 100 മാർക്കും ഇന്റർവ്യൂവിന് 50 മാർക്കും ആയിരിക്കും. എഴുത്ത് പരീക്ഷയിലും, ഇന്റർവ്യൂവിലും പങ്കെടുക്കുന്നവർക്ക് മാത്രമേ റാങ്ക്‌ലിസ്റ്റിൽ ഇടം നേടാൻ കഴിയുകയുള്ളൂ. യോഗ്യത സർട്ടിഫിക്കറ്റുകൾ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്. മെറിറ്റ് എഴുത്തുപരീക്ഷ, ഇന്റർവ്യൂ, മോഡൽ ക്ലാസ്സ്, ഇടവകയിലെ വിവിധ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തിയായിരിക്കും റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുക. തനിച്ചു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**എഴുത്തു പരീക്ഷ സിലബസ്സ്**

**1. കാറ്റെക്കിസം (50 മാർക്ക്)**

a. നാലു സുവിശേഷങ്ങളും അപ്പസ്തോലപ്രവർത്തനങ്ങളും (വി.ബൈബിൾ -പുതിയ നിയമം പി.ഒ.സി. പതിപ്പ്)

b. വേദോപദേശ സംഗ്രഹം പരിഷ്കരിച്ചപതിപ്പ് (2021) (അനുബന്ധമായി ചേർത്തിരിക്കുന്ന പൊതുപ്രാർഥനകളും).

c. 'സമൂഹവിജയത്തിന്റെ പാതയിൽ' , ഹയർസെക്കന്ററി/പ്ലസ് 2 (മോറൽ സയൻസ്, പി.ഒ.സി. പബ്ലിക്കേഷൻസ്) .

d. റോമൻ കത്തോലിക്കാപൈതൃകം ഒരു ചരിത്രവായന: (ഡി.സി. ബുക്ക്സ്, കോട്ടയം 2021) മുകളിൽ പ്രതിപാദിച്ചിരുന്ന പുസ്തകങ്ങൾ വിജയപുരം ബിഷപ്സ് ഹൗസിൽ പ്രവർത്തിക്കുന്ന ബുക് സ്റ്റോളിൽ ലഭ്യമാണ്.

II. ജനറൽ ഇംഗ്ലീഷ്

III. D.El.Ed ഉദ്യോഗാർത്ഥികൾക്ക് സോഷ്യൽ സയൻസ്, കണക്ക് (5 മുതൽ 7 വരെ)

B.Ed ഉദ്യോഗാർഥികൾക്ക് അവരവരുടെ വിഷയങ്ങൾ (8 മുതൽ 10 വരെ)

NB: 1) കാറ്റെക്കിസം D.El.Ed, B.Ed എന്നിവയ്ക്ക് Question pattern: One word, Paragraph, Long answer എന്നീ ക്രമത്തിൽ ആയിരിക്കും. ജനറൽ ഇഗ്ലീഷിന് 'Basic Grammar, Letter writing എന്നീ ക്രമത്തിൽ ആയിരിക്കും.

2) അപേക്ഷാഫോറത്തിന്റെ കൂടെ (a.) വികാരിയച്ചന്റെ കത്തും (b) പ്ലസ് ടു വരെ വേദപാഠം പഠിച്ചതിന്റെ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കേണ്ടതാണ്.

NB : സമയം രാവിലെ 10 മുതൽ വൈകിട്ട് 4 വരെ

*കോർപ്പറേറ്റ് മാനേജർ*

# ഏകദിന സെമിനാർ



സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ വിജയപുരം സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ കോൺഫ്രൻസ് പ്രസിഡന്റുമാർക്കും സെൻട്രൽ ഏരിയ കൗൺസിൽ ഭാരവാഹികൾക്കുമായി ഏകദിന സെമിനാർ 2022 മെയ് 15ന് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപത വികാരി ജനറാൾ വെരി മോൺ. ഡോ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ സെമിനാറിന് ഉദ്ഘാടനം നിർവ്വഹിച്ചു. സിസി പ്രസിഡന്റ് ബ്രദർ പി.എം. രാജേഷ് യോഗത്തിന് അദ്ധ്യക്ഷം വഹിച്ചു. തുടർന്ന് സി.സി. സീനിയർ വൈസ് പ്രസിഡന്റ് അഡ്വ. ജസ്റ്റിൻ ഡേവിഡ് വ്യവസ്ഥാപിതമാറ്റം വിൻസെൻഷ്യൻ ആദ്ധ്യാത്മികതയിൽ എന്നതിനെപ്പറ്റിയും സിസി ആത്മീയോപദേഷ്ടാവ് റവ.ഫാ. പോൾ ഡെന്നി രാമച്ചംകുടി "വിൻസെൻഷ്യൻ പ്രവർത്തനം സഭയിൽ" എന്നതിനെക്കുറിച്ചും നാഷണൽ കൗൺസിൽ ഇന്റേണൽ ട്രിന്നിംഗ് ഓഫീസർ ബ്രദർ ജോർജ് ജോസഫ് "കോൺഫ്രൻസുകളുടെ സ്വയം പര്യാപ്തതയെപ്പറ്റിയും' ക്ലാസുകൾ നയിച്ചു.

## വരനെ ആവശ്യമുണ്ട്



ചേരമർ ക്രിസ്ത്യൻ ലത്തീൻ കത്തോലിക്കാ യുവതി 30/168 പോസ്റ്റ് ബി.എസ്.സി. നേഴ്സ്. സൗദി. അവധിയിൽ വന്നിരിക്കുന്നു. വിദ്യാഭ്യാസമുള്ള, വിദേശത്ത് ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചന ക്ഷണിക്കുന്നു. ബി.എസ്.സി. നേഴ്സ് മാർക്ക് മുൻഗണന. Ph: 9387421884


# ഇടവക വാർത്തകൾ

## ബാലബാങ്ക് കളക്ഷൻ വിതരണം വനവാതുക്കര



6 ബാലവേദി അംഗങ്ങളുടെ 175600 രൂപ രക്ഷാധികാരി റവ: ഫാ: ജോൺ വിയാനിയുടെ സാന്നിധ്യത്തിൽ വിതരണം ചെയ്തു. കഴിഞ്ഞ വർഷങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണം ചെയ്ത സഹരക്ഷാധികാരികളായ ശ്രീമതി ഡയാന ജോഷി (സായാഹ്നം ബാലവേദി), ശ്രീമതി അനിതാ റോബിൻസൺ (സൺഫ്ളവർ ബാലവേദി) എന്നിവർക്കും സമ്മാനങ്ങൾ നല്കി.

## ആദരാഞ്ജലികൾ







**റവ.ഫാ. തോമസ്**
ആലഞ്ചേരി എച്ച്.ജി.എൻ.
പാമ്പാടി


**റവ. സി. മേരി**
ഗ്രേറ്റ് കാർമ്മൽ കോൺവെന്റ്
(മിണ്ടാമഠം) കോട്ടയം



സ്ഥൈര്യലേപനകർമ്മം അമയന്നൂർ



സ്ഥൈര്യലേപനകർമ്മം ചിന്നക്കനാൽ



സ്ഥൈര്യലേപനകർമ്മവും ഇടയസന്ദർശനവും സൂര്യനെല്ലി



സ്ഥൈര്യലേപനകർമ്മം വണ്ടിപ്പെരിയാർ



ആദ്യകുർബാനസ്വീകരണം ചിന്നക്കനാൽ



സ്ഥൈര്യലേപനകർമ്മം പൊതി

## അഭിനന്ദനങ്ങൾ




ഗാന്ധിജി യൂണിവേഴ്സിറ്റി
എം.സി.എ. പരീക്ഷയിൽ
ഒന്നാം റാങ്ക് കരസ്ഥമാക്കിയ
പൂവം ഇടവകാംഗം
**ഗ്രീഷ്മാ മക്കോളിൽ**



സ്ഥൈര്യലേപനകർമ്മം തൊടുപുഴ



സ്ഥൈര്യലേപനകർമ്മം ദേവികുളം



സ്ഥൈര്യലേപനകർമ്മം വിശ്വനാഥപുരം




അന്നൈ വേളാങ്കണി കുരിശടി ആശീർവ്വാദം- അപ്പർ സൂര്യനെല്ലി



സ്ഥൈര്യലേപനകർമ്മം ചീന്തലാർ

# ലീജിയൻ ഓഫ് മേരി


ചീന്തലാർ പ്രസീദിയം തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ
ആത്മീയനിയന്താവ്: റവ.ഫാ. സെബാസ്റ്റ്യൻ വെളിയിൽ, പ്രസിഡന്റ്: സി. മരിയ വർഗീസ്, വൈസ്പ്രസിഡന്റ്: സി. ആലീസ് വിൽസൺ, സെക്രട്ടറി: സി. ചന്ദനമേരി, ഖജാൻജി: സി. മേരി ജോസഫ്, ആനിമേറ്റർ: റവ.സി. ലൈല.



*സി. മേരിയുടെ ശവസംസ്കാര ശുശ്രൂഷയിൽ നിന്ന്*

## കോഴിപ്പള്ളി പാരിഷ്ഹാൾ 'കാസ ലിസ്യൂ' അഭിവന്ദ്യപിതാവ് ആശീർവദിച്ചപ്പോൾ





# ബൈബിൾ അപ്പോസ്തലേറ്റ്
## വിജയപുരം രൂപത

## ലോഗോസ് ക്വിസ്

1. രജിസ്ട്രേഷൻ ജൂൺ 01 മുതൽ ജൂലൈ 31-ന് വരെ ആയിരിക്കും.
2. ABCDEF ക്രമത്തിൽ പേരെഴുതുക.
3. ലോഗോസ് ക്വിസ് 2012 ന്റെ രൂപതാതല മത്സരപരീക്ഷ സെപ്റ്റംബർ 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയായിരിക്കും.
4. രജിസ്ട്രേഷൻ ഫീസായി ഓരോ വ്യക്തിയും 10 രൂപ നൽകേണ്ടതാണ്.
5. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങളുണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന മൂന്നു ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതുവാനുള്ളതാണ്. ആദ്യത്തെ 100 ചോദ്യങ്ങളുടെ ഉത്തരങ്ങളാണ് ആദ്യം നോക്കുന്നത്. എന്നാൽ സമ്മാനാർഹരെ നിശ്ചയിക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്ന പക്ഷം അവസാനത്തെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കൂടി പരിശോധിച്ച് സമ്മാനാർഹരെ നിശ്ചയിക്കുന്നതായിരിക്കും.
6. A പ്രായവിഭാഗത്തിൽ 60 % ത്തിലും B, C, D, E, F പ്രായവിഭാഗങ്ങളിൽ 70 %ത്തിലും കൂടുതൽ മാർക്ക് വാങ്ങിക്കുന്നവർ വിജയികളാകും.
7. രൂപതാതല വിജയികൾക്കായി നടത്തപ്പെടുന്ന എഴുത്തുപരീക്ഷ കൊല്ലം, കോഴിക്കോട്, ആലുവ എന്നീ സെന്ററുകളിൽ 2022 നവംബർ 6 ന് 2 പി.എം ന് ആയിരിക്കും. അഖിലകേരളതലത്തിലെ സമ്മാനങ്ങൾ മത്സര പരീക്ഷയ്ക്കുശേഷം വിതരണം ചെയ്യും.
8. ഈ വർഷം ഓരോ ഗ്രൂപ്പിലെയും 10 പേർക്കുള്ള ഗ്രൂപ്പുഫൈനൽ നവംബർ 19-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കും.
9. രൂപതകളിൽ ലോഗോസ് ഫമിലിയ ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരിൽ രണ്ടു തലമുറകളിലുള്ളവർ ടീമിൽ ഉണ്ടായിരിക്കണം. ഒരു ഫാമിലി ടീമിൽ മൂന്നുപേർ വേണം. ഈ മൂന്നു പേരുടെ എഴുത്തുപരീക്ഷയുടെ ആവറേജ് മാർക്കാണ് ടീമിന്റെ മാർക്കായി കണക്കാക്കുക. സംസ്ഥാനതലത്തിലും ഇത്തരത്തിലയിരിക്കും മത്സരം നടത്തപ്പെടുക.
10. **മത്സരത്തിനുള്ള പാഠഭാഗങ്ങൾ : ജോഷ്വ 1-12 ; പ്രഭാഷകൻ 23-26 ; മർക്കോസ് 9-16, 1.കോറിന്തോസ് 9-18.**
11. പ്രായവിഭാഗം : A. 1-1-2011-നും ശേഷവും ജനിച്ചവർ. B. 1-1-2006-നും 31-12-2010നും ഇടയ്ക്ക് ജനിച്ചവർ. C. 1-1-1991-നും 31-12-2005 നും ഇടയ്ക്ക് ജനിച്ചവർ. D. 1-1-1971-നും 31-12-1990 നും ഇടയ്ക്ക് ജനിച്ചവർ. E. 1-1-1958-നും 31-12-1970 നും ഇടയ്ക്ക് ജനിച്ചവർ. F. 31-12-1957 നും അതിനു മുൻപും ജനിച്ചവർ.

*ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് (രൂപതാ ഡയറക്ടർ)*

# വി.എസ്.എസ്.എസ്. വാർത്തകൾ



കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുമരകത്ത് മുതിർന്ന പൗരന്മാർക്കായി പോഷകാഹാര കിറ്റുകൾ വിതരണം ചെയ്തു. കുമരകം സെന്റ് പീറ്റേഴ്സ് ഇടവകയിൽ നടന്ന ചടങ്ങിൽ വികാരി ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ 34 പേർക്ക് കിറ്റുകൾ നൽകി. കോ- ഓർഡിനേറ്റർ സിസ്റ്റർ സൂസൻ, സി.ഡി.ഓ. പ്രമീല ജോർജ്, പി.എസ്.എ. മോൻസി ബാബു എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ഏ.സി. എസ്.ഐ. (ACSI) സംഗമം




പഠനത്തിൽ മികവു പുലർത്തുന്നവരും എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വച്ച് വിജയപുരം സോഷ്യൽ സർവ്വീസ്

സൊസൈറ്റി ഫ്രാൻസ് ആസ്ഥാനമായ ACSI യുടെ സഹകരണത്തോടെ നടത്തുന്ന പദ്ധതിയിൽ അംഗങ്ങളായ കുട്ടികളുടെ സംഗമം അമലനിലയത്തിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിശദീകരിച്ചു. കോ. ഓർഡിനേറ്റർ സിസ്റ്റർ സൂസൻ, സെബാസ്റ്റ്യൻ മറ്റത്തിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

## ബാലവേദിപരിശീലന പരിപാടി




ആണ്ടൂർ ഇടവക



കുന്നുംഭാഗ ഇടവക

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക, കലാ പ്രവർത്തനത്തിന്റെ വികാസത്തിനായി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന ബാലവേദികളിലെ അംഗങ്ങൾക്കായി വിവിധ പരിശീലനപരിപാടികൾ കുന്നുംഭാഗം, ഇടമൺ, മധുരവേലി, ആണ്ടൂർ, പാല എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

## സത്യകൂടാരം- സന്ദർശനം



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കോട്ടയം മേഖലയിലെ ആനിമേറ്റർമാരുടെ നേതൃത്വത്തിൽ വടവാതൂരിൽ മുതിർന്നവരെ ശുശ്രൂഷിക്കുന്ന സത്യകൂടാരം എന്ന കേന്ദ്രം സന്ദർശിച്ചു. വസ്ത്രങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിവ അംഗങ്ങൾക്കു നൽകി. ഫാ. സേവ്യർ ഓ.എസ്.ജെ. സിസ്റ്റർ സൂസൻ, ആനിമേറ്റർ സൂസൻ എന്നിവർ നേതൃത്വം നൽകി.



പൊടിമറ്റം ദീപ്തി അയൽക്കൂട്ടത്തിന്റെ മത്സ്യ വിളവെടുപ്പ്



വേളൂർ വിശ്വാസ് പുരുഷസംഘത്തിന്റെ നെൽകൃഷി വിളവെടുപ്പ്

# അഭിവന്ദ്യ പിതാവിന്റെ
## ജൂൺ മാസ പരിപാടികൾ

ജൂൺ 3 : PPD

ജൂൺ 5 : പന്തക്കുസ്തതിരുനാൾ: ദിവ്യബലി വിമലഗിരി കത്തീഡ്രൽ

ജൂൺ 10 : PPD

ജൂൺ 12 : സ്ഥൈര്യലേപനവും ഇടയസന്ദർശനവും
ക്രിസ്തുരാജ ദൈവാലയം, മുവാറ്റുപുഴ

ജൂൺ 14 : സുവർണ ജൂബിലി ദിവ്യബലി : മാർട്ടിൻ ഡി പോറസ് ഇടവക, അടിമാലി

ജൂൺ 16 : പുതിയ ലൈബ്രറിയുടെ ആശിർവാദകർമം,
കാർമൽഗിരി സെമിനാരി ആലുവ.

ജൂൺ 17 : PPD

ജൂൺ 19 : ദിവ്യകാരുണ്യ തിരുനാൾ : ദിവ്യബലി, വിമലഗിരി കത്തീഡ്രൽ.

ജൂൺ 24 : PPD

ജൂൺ 26 : ഇടയ സന്ദർശനവും സ്ഥൈര്യലേപനവും :
സെന്റ്. ജൂഡ് ദൈവാലയം, കല്ലാർ വട്ടിയാർ.

ജൂൺ 28 : ജൂബിലി ദിവ്യബലി : വടവാതൂർ മേജർ സെമിനാരി, കോട്ടയം.



കെ.ആർ.എൽ.സി.സി. രൂപീകരണത്തിന്റെ 20-ാം വാർഷിക സ്മാരകമായി വിജയപുരം ബിഷപ്സ് ഹൗസ് കോമ്പൗണ്ടിൽ ഫാ. ആന്റണി പാട്ടപറമ്പിലും, ഫാ. ജോസഫ് മീനായികോടത്തും മാവിൻതൈ നടുന്നു.

## രൂപത സിനഡ് നിമിഷങ്ങളിലൂടെ...

മെയ് 10-12







JUNE 2022
Vol. 15 • Issue 6
*Published on*
1th June 2022

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2020-22**
LIC. No. **KL/CR/KTM/WPP-03/2020-22**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




P And N Ceramics®
PAN
A P ROAD ATHIRAMPUZHA, M C ROAD KUMARANALLOR
KK ROAD VADAVATHOOR, PH : +91 96330 09900

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180